2024 SEPTEMBER
05
THURSDAY

www.societytodaynews.com

# സൊസൈറ്റി ടുഡേ
SOCIETY TODAY e-paper




## കെഎസ്ആർടിസിക്ക് 30 കോടി രൂപ കൂടി അനുവദിച്ചു

**തിരുവനന്തപുരം:** കെഎസ്ആർടിസിക്ക് സംസ്ഥാന സർക്കാർ 30 കോടി രൂപകൂടി അനുവദിച്ചതായി ധനമന്ത്രി കെ.എൻ ബാലഗോപാൽ അറിയിച്ചു. ശമ്പളവും പെൻഷനുമടക്കം മുടക്കം കൂടാതെ വിതരണം ഉറപ്പാക്കാൻ പ്രതിമാസം 50 കോടി രൂപയെങ്കിലും സഹായമായി നൽകുന്നുണ്ട്.

ഈ സാമ്പത്തിക വർഷം ബജറ്റിൽ കെഎസ്ആർടിസിക്ക് 900 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ഇതിൽ 688.43 കോടി രൂപ ഇതിനകം ലഭ്യമാക്കി. രണ്ടാം പിണറായി സർക്കാർ ഇതുവരെ 5970 കോടി രൂപയാണ് കോർപ്പറേഷന് നൽകിയത്. കൂടാതെ, പൂട്ടിക്കിടക്കുന്ന തോട്ടങ്ങളിലെ തൊഴിലാളികൾക്ക് ഓണക്കിറ്റ് വിതരണം ചെയ്യാനും തീരുമാനിച്ചു. 1833 തൊഴിലാളികൾക്ക് 1050 രൂപ വിലമതിക്കുന്ന സാധനങ്ങൾ അടങ്ങുന്ന കിറ്റാണ് ലഭിക്കുന്നതെന്ന് ധനമന്ത്രി അറിയിച്ചു. 20 കിലോഗ്രാം അരി, ഒരു കിലോ പഞ്ചസാര, ഒരു കിലോ വെളിച്ചെണ്ണ എന്നിവ അടങ്ങിയ കിറ്റ് സപ്ലൈകോ മുഖാന്തരം ലഭ്യമാക്കും



## ഐഫോൺ 16 സെപ്റ്റംബർ 9ന് എത്തും; ഇന്ത്യയിൽ വില കൂടിയേക്കും


**ന്യൂഡൽഹി:** ആപ്പിളിന്റെ ഐഫോൺ 16 സെപ്റ്റംബർ 9ന് പുറത്തിറങ്ങും. ഐഫോൺ 16 പ്രോ, പ്രോമാക്സ് എന്നിവ ഒരുമിച്ച് പുറത്തു വിടാനാണ് ആപ്പിൾ ഒരുങ്ങുന്നത്. പുതിയ മോഡലിൽ ആർട്ടിഫിഷ്യൽ ഇൻറലിജൻസ് ശേഷി കാര്യമായി വർധിപ്പിച്ചിട്ടുണ്ട്. അതു കൊണ്ടു തന്നെ ഇന്ത്യയിൽ ഐഫോണിൻെറ ലേറ്റസ്റ്റ് വേർഷൻെറ വില വർധിക്കാൻ സാധ്യതയുണ്ടെന്നാണ് റിപ്പോർട്ടുകൾ.

സ്ഥിരീകരിക്കാത്ത റിപ്പോർട്ടുകൾ പ്രകാരം ഐഫോൺ 16ന് 79,90089,900 വരെയായിരിക്കും വില. എന്നാൽ പ്രോ മോഡലുകളുടെ വിലയിൽ 10,000 രൂപയുടെ വരെ വ്യത്യാസം വന്നേക്കാം. ഐഫോൺ 16 പ്രോയുടെ വില 1,44,900 വരെയും പ്രോമാക്സിൻെറ വില 1,69,900 വരെയും ആയേക്കാം. ഐഫോൺ 15 പ്രോയ്ക്ക് 1,34,900 രൂപയ്ക്കും പ്രോ മാക്സിന് 1,59,900 രൂപയുമായിരുന്നു ഇന്ത്യയിലെ വില.

ഇതാദ്യമായി ഐഫോൺ പ്രോ മോഡലുകൾ ഇന്ത്യയിലെ യൂണിറ്റുകളിൽ നിർമിക്കുന്നുവെന്നും റിപ്പോർട്ടുകളുണ്ട്. എന്നാൽ അതു വിലയിൽ വലിയ കുറവു വരുത്തില്ലെന്നും ടെക് നിരീക്ഷകർ പറയുന്നു.

# 74 പുതിയ തുരങ്കപാതകൾ; ഒരു ലക്ഷം കോടി രൂപ ചെലവ്

## പ്രഖ്യാപനവുമായി കേന്ദ്രസർക്കാർ



**ന്യൂഡൽഹി:** രാജ്യത്തെ ദേശീയപാത ശൃംഖല ശക്തിപ്പെടുത്താൻ 74 പുതിയ തുരങ്കപാതകൾ നിർമിക്കുമെന്നു കേന്ദ്രസർക്കാർ പ്രഖ്യാപനം. ഒരു ലക്ഷം കോടി രൂപ ചെലവിൽ 273 കിലോമീറ്റർ തുരങ്കപാത നിർമിക്കുമെന്നാണു റോഡ് ഗതാഗത, ദേശീയപാത മന്ത്രാലയം പ്രഖ്യാപിച്ചത്. ഇന്ത്യയുടെ അടിസ്ഥാനസൗകര്യ മേഖലയെ ശക്തിപ്പെടുത്താനും വിവിധ ഭൂപ്രദേശങ്ങളെ തമ്മിൽ ബന്ധിപ്പിക്കാനുമാണു പദ്ധതിയെന്നു കേന്ദ്ര ഗതാഗത മന്ത്രി നിതിൻ ഗഡ്കരി പറഞ്ഞു. ഏതാനും വർഷങ്ങൾക്കുള്ളിൽ തുരങ്കപാതകളുടെ നിർമാണം പൂർത്തിയാകും. നിലവിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികൾക്കൊപ്പമാകും തുരങ്കപാതകളുടെ നിർമാണം.

ഫെഡറേഷൻ ഓഫ് ഇന്ത്യൻ ചേംബർ ഓഫ് കൊമേഴ്സ് ആൻഡ് ഇൻഡസ്ട്രിയുടെ (ഫിക്കി) ടണലിങ് ഇന്ത്യ കോൺഫറൻസിൽ സംസാരിക്കവേയാണ് മന്ത്രിയുടെ പ്രഖ്യാപനം. കേന്ദ്രസർക്കാർ ഇതുവരെ 35 തുരങ്കങ്ങളുടെ നിർമാണം പൂർത്തിയാക്കിയിട്ടുണ്ടെന്നും മന്ത്രി പറഞ്ഞു. 15,000 കോടി രൂപ ചെലവിൽ 49 കിലോമീറ്റർ ദൈർഘ്യമുള്ള പാതകളാണ് പൂർത്തിയായത്. 134 കിലോമീറ്റർ വരുന്ന 69 തുരങ്കപാതകളുടെ നിർമാണം പുരോഗമിക്കുകയാണ്. ഇതിന് 40,000 കോടി രൂപയാണ് ചെലവ്.

# യുഎസിലെ സ്കൂളിൽ വെടിവയ്പ്; നാലു പേർ കൊല്ലപ്പെട്ടു, ഒൻപതു പേർക്ക് പരിക്ക്

**ജോർജിയ (യുഎസ്):** അമേരിക്കൻ സംസ്ഥാനമായ ജോർജിയയിലെ സ്കൂളിലുണ്ടായ വെടിവയ്പിൽ നാലു പേർ കൊല്ലപ്പെട്ടു. ഒൻപതു പേർക്കു പരുക്കേറ്റു. കൊല്ലപ്പെട്ടവരിൽ രണ്ടു പേർ വിദ്യാർഥികളും രണ്ടു പേർ അധ്യാപകരുമാണെന്ന് അധികൃതർ അറിയിച്ചു. പരുക്കേറ്റവരെ ഹെലികോപ്റ്ററിൽ ആശുപത്രിയിലേക്കു മാറ്റി.

സംഭവത്തിൽ പ്രതിയായ ഇതേ സ്കൂളിലെ വിദ്യാർഥി പതിനാലുകാരനായ കോൾട്ട് ഗ്രേയെ കസ്റ്റഡിയിലെടുത്തെന്നും പ്രതിക്കെതിരെ കൊലപാതകകുറ്റം ചുമത്തുമെന്നും മുതിർന്ന വ്യക്തിയായി കണക്കാക്കി വിചാരണ നടത്തുമെന്നും ജോർജിയ ബ്യൂറോ ഓഫ് ഇൻവെസ്റ്റിഗേഷൻ ഡയറക്ടർ ക്രിസ് ഹോസെ വ്യക്തമാക്കി. ഏതു തരം തോക്കാണ് പ്രതി ഉപയോഗിച്ചതെന്നും വെടിവയ്പിലേക്കു നയിച്ച കാരണം സംബന്ധിച്ചും വ്യക്തമാക്കാൻ അധികൃതർ തയാറായില്ല.



അറ്റ്ലാന്റയിൽ നിന്ന് 80 കിലോമീറ്റർ അകലെയുള്ള സ്കൂളിലാണ് സംഭവം. ക്ലാസ് ആരംഭിച്ച് ഒരു മണിക്കൂർ പിന്നിട്ടപ്പോഴാണ് വെടിവയ്പ് ഉണ്ടായതെന്നാണ് റിപ്പോർട്ടുകൾ. ക്ലാസുകളിൽ നിന്ന് ഇറങ്ങിയോടിയ വിദ്യാർഥികൾ സമീപമുള്ള ഫുട്ബോൾ സ്റ്റേഡിയത്തിലാണ് അഭയം തേടിയത്. സ്ഥിതി നിയന്ത്രണത്തിലാണെന്ന് സ്കൂൾ വക്താവ് അറിയിച്ചു. വെടിവയ്പിനു മുൻപ് സ്കൂളിൽ ഭീഷണി കോളുകൾ എത്തിയെന്ന റിപ്പോർട്ടുകളെ കുറിച്ച് അറിവില്ലെന്ന് അധികൃതർ അറിയിച്ചു.

പ്രസിഡന്റ് ജോ ബൈഡൻ വെടിവയ്പിനെ അപലപിച്ചു. വെടിവയ്പിനെ അർത്ഥശൂന്യമായ ദുരന്തമെന്നു വിശേഷിപ്പിച്ച യുഎസ് വൈസ് പ്രസിഡന്റും പ്രസിഡന്റ് തിരഞ്ഞെടുപ്പിലെ ഡെമോക്രാറ്റിക് പാർട്ടി സ്ഥാനാർഥിയുമായ കമല ഹാരിസ്, അക്രമം അവസാനിപ്പിച്ചേ മതിയാകുയെന്നു പ്രതികരിച്ചു.



# ജിയോജിത് കുസാറ്റ് സെന്റർ ഓഫ് സസ്റ്റൈനബിലിറ്റി സ്റ്റഡീസ് ഉദ്ഘാടനം ചെയ്തു



കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിൽ ജിയോജിത്തും കുസാറ്റും ചേർന്ന് സ്ഥാപിച്ച ജിയോജിത് കുസാറ്റ് സെന്റർ ഓഫ് സസ്റ്റൈനബിലിറ്റി സ്റ്റഡീസ് മന്ത്രി പി. രാജീവ് ഉദ്ഘാടനം ചെയ്യുന്നു. കുസാറ്റ് വൈസ് ചാൻസലർ ഡോ.പി.ജി.ശങ്കരൻ, ജിയോജിത് ഫിനാൻഷ്യൽ സർവീസസ് സിഎംഡി സി ജെ ജോർജ്, വ്യവസായ പ്രിൻസിപ്പൽ സെക്രട്ടറി എപിഎം മുഹമ്മദ് ഹനീഷ് ഐഎഎസ്, ഐ.ക്യു.എ.സി ഡയറക്ടർ ഡോ.സാം തോമസ് എന്നിവർ സമീപം.

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിൽ ജിയോജിത്തും കുസാറ്റും ചേർന്ന് സ്ഥാപിച്ച ജിയോജിത് കുസാറ്റ് സെന്റർ ഓഫ് സസ്റ്റൈനബിലിറ്റി സ്റ്റഡീസ് മന്ത്രി പി. രാജീവ് ഉദ്ഘാടനം ചെയ്തു. 'ഉന്നതവിദ്യാഭ്യാസസ്ഥാപനങ്ങളും വ്യവസായവും തമ്മിലുള്ള ബന്ധം ശക്തിപ്പെടുത്താൻ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. പരിസ്ഥിതി, സാമൂഹികം, ഭരണനിർവഹണം എന്നിവയിൽ മികവു നേടാനുള്ള ഇഎസ്ജി നയങ്ങൾ നിലവിൽക്കൊണ്ടുവന്ന ആദ്യ സംസ്ഥാനമാണ് കേരളം,' മന്ത്രി പറഞ്ഞു.

വ്യവസായങ്ങൾക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനും മറ്റുള്ളവർക്കു പ്രചോദനമാകുന്നതിനും ഈ സംരംഭം കാരണമാകുമെന്ന് കെഎസ്ഐഡിസി എംഡി എസ് ഹരികിഷോർ ഐഎഎസ് അഭിപ്രായപ്പെട്ടു. സുസ്ഥിര വികസന ലക്ഷ്യങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിച്ച്, ഇ എസ് ജി റേറ്റിംഗ്, ഗവേഷണപ്രവർത്തനങ്ങൾ കപ്പാസിറ്റി ബിൽഡിങ് എന്നിവയടങ്ങുന്ന സംസ്ഥാനത്തിന്റെ ഇ എസ് ജി നയം നടപ്പിലാക്കുന്നതിൽ സെന്ററിന് വലിയ പങ്കുണ്ടാകുമെന്ന് അദ്ദേഹം പ്രത്യാശ പ്രകടിപ്പിച്ചു.

'എല്ലാവരുടെയും സുസ്ഥിര ഭാവിക്കുള്ള ആവശ്യകതയായി ഇഎസ്ജി മാറിയിരിക്കുന്നു, അങ്ങനെ ജിസിസിഎസ് എന്ന ആശയം ജനിച്ചു. ലിസ്റ്റുചെയ്ത നിർബന്ധിത ബിസിനസ് റെസ്പോൺസിബിലിറ്റി ആൻഡ് സസ്റ്റൈനബിലിറ്റി റിപ്പോർട്ട് സമർപ്പിക്കേണ്ട 1000 മികച്ച കമ്പനികളിൽ ഒന്നായ ജിയോജിതിന്, ഈ പ്രതിബദ്ധതകൾ നിറവേറ്റാൻ സഹായിക്കുന്നതിന് യോഗ്യതയുള്ള പ്രതിഭകളുടെ കടുത്ത ക്ഷാമം തിരിച്ചറിയുന്നു. ഇഎസ്ജി വിജ്ഞാന അടിത്തറ വളർത്തുന്നതിനും വികസിപ്പിക്കുന്നതിനും കുസാറ്റിന് ജിസിസിഎസ് നൽകുന്ന അവസരമാണിത്.ജിയോജിത് ഫിനാൻഷ്യൽ സർവീസസ് സിഎംഡി സി ജെ ജോർജ് പറഞ്ഞു.

ഗവേഷണം, അക്കാദമിക്സ്, കൺസൾട്ടിംഗ്, കപ്പാസിറ്റി ബിൽഡിംഗ്, ഇന്നൊവേഷൻ, സർട്ടിഫിക്കേഷൻ എന്നിങ്ങനെ ആറ് മേഖലകൾ കേന്ദ്രീകരിച്ചാണ് ഇതിന്റെ പ്രവർത്തനം. മികച്ച ഗവേഷണ ഫലങ്ങൾ, അക്കാദമിക മികവ്, സാങ്കേതിക മുന്നേറ്റം എന്നിവ സൃഷ്ടിക്കുകയും ഉന്നത നിലവാരമുള്ള ശാസ്ത്രജ്ഞരെയും സംരംഭകരെയും വാർത്തെടുക്കുകയും ചെയ്യുന്ന ഒരു സ്വയംഭരണകേന്ദ്രമാകാനാണ് സെന്റർ ലക്ഷ്യമിടുന്നത്.

പരിസ്ഥിതി, സാമൂഹിക, ഭരണ മേഖലകൾക്ക് ഊന്നൽ നൽകുന്ന സർക്കാരുകൾക്കും കോർപ്പറേഷനുകൾക്കും വിവിധ വിഷയങ്ങളിലുള്ള കുസാറ്റിൻറെ വൈദഗ്ധ്യം ഉപയോഗപ്പെടുത്തി ഗവൺമെൻറ്, കോർപ്പറേറ്റ് തലങ്ങളിൽ ഈ മേഖലകളിലെ നയങ്ങൾ, പ്രവർത്തനങ്ങൾ എന്നിവയെ സഹായിക്കുന്ന ഗവേഷണമാണ് ജി.സി.സി.ഐ.എസ്.എസിൽ നടക്കുക. അങ്ങനെ ആഗോള സുസ്ഥിര വികസന ഭൂപടത്തിൽ കേരളത്തിന് നിർണായക സ്വാധീനമാകാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ശാസ്ത്ര, സാങ്കേതിക, സാമൂഹിക ശാസ്ത്ര പരിജ്ഞാനം സമന്വയിപ്പിച്ചുകൊണ്ട് ക്രോസ് ഡിപ്പാർട്ട്മെൻറ് ഗവേഷണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനും ഏകോപിപ്പിക്കുന്നതിനുമുള്ള ഒരു നോഡൽ കേന്ദ്രമായി ജി.സി.സി.ഐ.എസ്.എസ് മാറും. സാങ്കേതിക, ശാസ്ത്ര വകുപ്പുകളുടെ പിന്തുണയോടെ കാലാവസ്ഥാ വ്യതിയാനം, സമ്പദ്‌വ്യവസ്ഥ, സുസ്ഥിര വിതരണ ശൃംഖല തുടങ്ങിയ വിഷയങ്ങളിൽ പ്രത്യേക കോഴ്സുകളും പഠനങ്ങളും ബിരുദ ബിരുദാനന്തര പ്രോഗ്രാമുകൾ വികസിപ്പിക്കാനും നടപ്പിലാക്കാനും ജി.സി.സി.ഐ.എസ്.എസ് ലക്ഷ്യമിടുന്നു. വിവിധ സാങ്കേതികവിദ്യകൾക്കും ബിസിനസ്സ് മോഡലുകൾക്കുമായി ഒരു ഇന്നൊവേഷൻ ഹബ്ബിൻറെ പങ്ക് കൂടി ഈ സെന്റർ വഹിക്കും.

തേർഡ് പാർട്ടി സർട്ടിഫിക്കേഷനുകൾ നൽകുന്നതിന് സ്റ്റാൻഡേർഡ് സെറ്റിംഗ് ബോഡികളുമായി സഹകരിച്ച് ജി.സി.സി.ഐ.എസ്.എസ് സ്വതന്ത്ര റേറ്റിംഗ് സംവിധാനങ്ങൾ സ്ഥാപിക്കും.

ചടങ്ങിൽ കുസാറ്റ് വൈസ് ചാൻസലർ ഡോ.പി.ജി.ശങ്കരൻ, രജിസ്ട്രാർ ഡോ.വി.ശിവാനന്ദൻ ആചാരി, ജി.സി.സി.ഐ.എസ്.എസ്. അസിസ്റ്റന്റ് ഡയറക്ടർ കൃഷ്ണപ്രകാശ് നായർ, ഐ.ക്യു.എ.സി ഡയറക്ടർ ഡോ.സാം തോമസ് എന്നിവർ പ്രസംഗിച്ചു.

## ടി.വി. അച്യുതവാര്യർ അവാർഡ് 2024; എൻട്രികൾ ക്ഷണിച്ചു

**തൃശൂർ:** ടി.വി. അച്യുതവാര്യരുടെ സ്മരണാർഥം തൃശൂർ പ്രസ് ക്ലബ് നൽകുന്ന മാധ്യമ അവാർഡിന് എൻട്രികൾ ക്ഷണിച്ചു. പരിസ്ഥിതി സംബന്ധിച്ച് അച്ചടി മാധ്യമത്തിൽ വന്ന വാർത്താ പരമ്പരയ്ക്കും വാർത്താ ചാനലുകളിൽ സംപ്രേഷണം ചെയ്ത പ്രത്യേക റിപ്പോർട്ടിനുമാണ് അവാർഡ് നൽകുന്നത്. 2022 ജൂലൈ ഒന്നുമുതൽ 2024 ജൂൺ 30 വരെ പ്രസിദ്ധീകരിച്ചതാവണം. 15,000 രൂപയും കീർത്തി ഫലകവുമാണ് അവാർഡ്.

പ്രത്യേക വിഷ്വൽ മീഡിയ റിപ്പോർട്ട് ഡിവിഡി ഫോർമാറ്റിൽ ഒരു കോപ്പിയും, പ്രസിദ്ധീകരിച്ച പത്രത്തിന്റെ മൂന്ന് കോപ്പി ഉൾപ്പെടെ അയക്കണം. ഒരാൾക്ക് പരമാവധി 2 എൻട്രികൾ വരെ അയക്കാം. ബൈലൈൻ ഇല്ലാത്ത എൻട്രികൾ ന്യൂസ് എഡിറ്ററുടെ സാക്ഷ്യപത്രം സഹിതം 2024 സെപ്റ്റംബർ 30നകം സെക്രട്ടറി, പ്രസ്ക്ലബ് തൃശൂർ 01, എന്ന വിലാസത്തിൽ ലഭിക്കണം. ഫോൺ: 0487 2335576. സി.എസ്. ദീപു (കൺവീനർ): 9995444604

## കുട്ടികളുടെ അത്യാഹിത ചികിത്സ; എട്ടാമത് മൺസൂൺ ശിൽപ്പശാലയ്ക്കൊരുങ്ങി ആസ്റ്റർ മെഡ്സിറ്റി

**കൊച്ചി:** ഇന്ത്യൻ അക്കാദമി ഓഫ് പീഡിയാട്രിക്സിന്റെ കൊച്ചി ശാഖയും ആസ്റ്റർ മെഡ്സിറ്റിയിലെ പീഡിയാട്രിക്സ് ആൻഡ് നിയോനാറ്റോളജി സെന്റർ ഓഫ് എക്സലൻസുമായി ചേർന്ന് കുട്ടികളുടെ അത്യാഹിത ചികിത്സ എന്ന വിഷയത്തിൽ മൺസൂൺ ശിൽപ്പശാല സംഘടിപ്പിക്കുന്നു.

രാവിലെ 8:30 മുതൽ വൈകിട്ട് 4:30 വരെ കലൂരിലുള്ള ഐ.എം.എ ഹൗസിലാണ് പരിപാടി സംഘടിപ്പിക്കുന്നത്.കുട്ടികളുടെ അത്യാഹിതചികിത്സയുമായി ബന്ധപ്പെട്ട നൂതനവിഷയങ്ങളിന്മേൽ സമഗ്രമായ അറിവ് ഡോക്ടർമാർക്ക് നൽകുകയാണ് ലക്ഷ്യം. കുട്ടികൾക്കായുള്ള ഐസിയു സംവിധാനങ്ങളുടെ (പി.ഐ.സി.യു) പ്രവർത്തനവും ചർച്ചയാകും. കുട്ടികൾക്കേൽക്കുന്ന പാമ്പുകടി, പൊള്ളൽ, ഹൃദയാഘാതം, അർബുദം, എന്നിങ്ങനെ വിവിധ വിഷയങ്ങളെക്കുറിച്ചുള്ള നിരവധി സെഷനുകൾ നടക്കും. മുതിർന്ന പീഡിയാട്രിക് ഡോക്ടർമാരും അനുബന്ധ സ്പെഷ്യലിറ്റികളിൽ വൈദഗ്ധ്യവും നീണ്ടകാലത്തെ പരിചയസമ്പത്തുള്ള ഡോക്ടർമാരും ക്ലാസുകൾ നയിക്കും.ഇതിന് മുന്നോടിയായി 'സിമുലേഷൻ ഇൻ ട്രെയിനിങ് ഇൻ എമർജൻസി പീഡിയാട്രിക്സ് ആൻഡ് വെന്റിലേഷൻ' എന്ന പ്രമേയമത്തെ അടിസ്ഥാനമാക്കി ശനിയാഴ്ച ആസ്റ്റർ മെഡ്സിറ്റിയിൽ വർക്ഷോപ് നടക്കും. ബിരുദാനന്തബിരുദ മെഡിക്കൽ വിദ്യാർത്ഥികൾക്കും ഫെലോസിനും പീഡിയാട്രീഷ്യന്മാർക്കും വേണ്ടി പോസ്റ്റർ പ്രെസെന്റേഷൻ മത്സരവും നടത്തുന്നുണ്ട്. കുട്ടികളുടെ ചികിത്സയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ഡോക്ടർമാർ, നേഴ്സുമാർ, പാരാമെഡിക്കുകൾ, ടെക്നീഷ്യന്മാർ, സർജൻമാർ തുടങ്ങി എല്ലാ ജീവനക്കാർക്കും ഉപകാരപ്പെടുന്ന രീതിയിലാണ് വർക്ഷോപ് തയാറാക്കുന്നത്.ആസ്റ്റർ മെഡ്സിറ്റിയിലെ സീനിയർ കൺസൾട്ടിങ് പീഡിയാട്രീഷനായ ഡോ. ജീസൺ സി ഉണ്ണിയാണ് പരിപാടിയുടെ സംഘാടക ചെയർമാൻ. പീഡിയാട്രിക് ഐസിയുവിലെ കൺസൽട്ടൻറ് ഡോ. സെബാസ്റ്റ്യൻ പോളിനാണ് സംഘാടക സെക്രട്ടറിയുടെ ചുമതല.

# സ്പെഷ്യൽ മെഗാ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചു



**കൊച്ചി :**സംസ്ഥാന ആയുഷ് വകുപ്പിന്റെ സഹകരണത്തോടെ എറണാകുളം ജില്ലാ ആയുർവേദ ആശുപത്രിയിൽ 'സ്വാസ്ഥ്യ' പദ്ധതിയുടെ ഭാഗമായി വായോജനങ്ങൾക്കായി സ്പെഷ്യൽ മെഗാ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചു. സംസ്ഥാന വ്യാപകമായി നടപ്പിലാക്കുന്ന പദ്ധതിയുടെ ഭാഗമായി വയോജനങ്ങളുടെ ശാരീരിക മാനസിക ആരോഗ്യം ലക്ഷ്യമിട്ട് സംസ്ഥാന ആയുഷ് വകുപ്പിന്റെ നേതൃത്വത്തിൽ നടത്തുന്ന 2400 ഓളം മെഡിക്കൽ ക്യാമ്പുകളുടെ ഭാഗമാണിത്.

പദ്ധതിയുടെ ജില്ലാതല ഉത്ഘാടനം കച്ചേരിപ്പടി ആയുർവേദ ആശുപത്രിയിൽ വച്ച് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. മനോജ് മൂത്തേടന്റെ അദ്ധ്യക്ഷതയിൽ ഹൈബി ഈഡൻ എം.പി നിർവഹിച്ചു.

ആയുഷ് ക്യാംപുകൾ ജനങ്ങൾക്ക് പ്രിയങ്കരം ആണെന്ന് അദ്ദേഹംഅഭിപ്രായപ്പെട്ടു. ഉദ്ഘാടന ചടങ്ങിൽ ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് അഡ്വ. എൽസി ജോർജ്ജ് ,ആയുർവേദ ജില്ലാ മെഡിക്കൽ ഓഫീസർ ഡോ ഗീത ദേവി. പി.ജി, ഹോമിയോ ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. മേഴ്സി ഗോൺസാൽവസ്, ജില്ലാ പ്രോഗ്രാം മാനേജർ ഡോ. ജയകൃഷ്ണൻ, ജില്ലാ ഹോമിയോപ്പതി സൂപ്രണ്ട് ഡോ. . എസ് ശ്രീവിദ്യ, എറണാകുളം ജില്ലാ ആയുർവേദ ആശുപത്രി ചീഫ് മെഡിക്കൽ ഓഫീസർ ഡോ. ഷർമദ് ഖാൻ എന്നിവർ സംസാരിച്ചു. കച്ചേരിപ്പടിയിലുള്ള എറണാകുളം ജില്ലാ ആയുർവേദ ആശുപത്രിയിൽ നടന്ന മെഡിക്കൽ ക്യാമ്പിന് ആശുപത്രി ചീഫ് മെഡിക്കൽ ഓഫീസർ ഡോ ഷർമദ് ഖാൻ, സീനിയർ മെഡിക്കൽ ഓഫീസർ ഡോ ശ്രീലേഖ, ക്യാമ്പ് കൺവീനർ ഡോ സിമി,ഡോ മിനി, ഡോ ലക്ഷ്മി, ഡോ നീദു നദീർ, ഡോ സഫ്ന, ഡോ സുമിത പ്രകാശ്, ഡോ തസ്നി, ഡോ നിരഞ്ജന, ഡോ ഷംന മോൾ ,ഡോ ശരണ്യ , ഡോ ബിഞ്ചു തുടങ്ങിയവർ നേതൃത്വം നൽകി.

ക്യാമ്പിൽ പങ്കെടുക്കുത്തവർക്ക് സൗജന്യമായി വിവിധ രക്ത പരിശോധനകൾ, വെരിക്കോസ് വെയിൻ രോഗ നിർണ്ണയം, കാഴ്ച പരിശോധന, മാനസികാരോഗ്യ പ്രശ്നങ്ങൾക്കുള്ള കൗൺസിലിംഗ്, ബോധവത്കരണ പരിപാടികൾ, രോഗാവസ്ഥയ്ക്കനുസൃതമായ യോഗ നിർദ്ദേശങ്ങൾ, വിവിധങ്ങളായ ജീവിതശൈലി രോഗങ്ങൾക്കുള്ള ഓ പി കൺസട്ടേഷൻ, സൗജന്യമരുന്ന് വിതരണം എന്നിവ നടത്തി.

തുടർ ചികിത്സ ആവശ്യമായവർക്ക് ആയുർവേദ ആശുപത്രിയിൽ നിന്നും ചികിത്സ ഉറപ്പാക്കുന്നതാണ്.കേന്ദ്ര ആയുഷ് റിസർച്ച് കൗൺസിൽ സ്ഥാപനങ്ങളുടെയും ആയുഷ് മെഡിക്കൽ കോളേജുകളുടെയും ആയുഷ് പ്രൊഫഷണൽ സംഘടനകളുടെയും സഹകരണത്തോടെയാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ പദ്ധതി സംഘടിപ്പിച്ചത്.

## സംസ്കൃത സർവകലാശാലയിൽ കമ്മ്യൂണിറ്റി റേഡിയോ സ്ഥാപിക്കും: പ്രൊഫ. കെ.കെ. ഗീതാകുമാരി

**കാലടി:** ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാലയുടെ കാലടി മുഖ്യകേന്ദ്രത്തിൽ കമ്മ്യൂണിറ്റി റേഡിയോ സ്ഥാപിക്കുമെന്ന് വൈസ് ചാൻസലർ പ്രൊഫ. കെ. കെ. ഗീതാകുമാരി അറിയിച്ചു. ഇത് സംബന്ധിയായി തുടർനടപടികൾ സ്വീകരിക്കുന്നതിന് സിൻഡിക്കേറ്റ് അംഗം ഡോ. പി. ശിവദാസനെ സിൻഡിക്കേറ്റ് യോഗം ചുമതലപ്പെടുത്തിയിരുന്നു. സിൻഡിക്കേറ്റ് അംഗം ഡോ. പി. ശിവദാസൻ കൺവീനറായുള്ള സമിതി കമ്മ്യൂണിറ്റി റേഡിയോ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ടുള്ള തുടർ നടപടികൾ സ്വീകരിക്കും. സിൻഡിക്കേറ്റ് അംഗം ഡോ. ടോമി ജോസഫ്, കാലിക്കറ്റ് സർവ്വകലാശാലയിലെ കമ്പ്യൂട്ടർ സയൻസ് വിഭാഗം പ്രൊഫസർ ഡോ. വി. എൽ. ലജീഷ്, ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയിലെ സംസ്കൃതം സാഹിത്യ വിഭാഗം പ്രൊഫസർ ഡോ. എം. സത്യൻ എന്നിവരാണ് സമിതി അംഗങ്ങൾ.

## തെളിവെടുപ്പ് ഇന്ന് കളക്ടറേറ്റിൽ

**കൊച്ചി;** കേരള നിയമസഭയുടെ പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം സംബന്ധിച്ച സമിതി ഇന്ന് രാവിലെ 10.30 ന് കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ തെളിവെടുപ്പ് നടത്തും.

കെ ശാന്തകുമാരി അധ്യക്ഷയായ സമിതിയിൽ അംഗങ്ങളായ ഒ.എസ് അംബിക, എ.പി.അനിൽകുമാർ, ഐ.സി.ബാലകൃഷ്ണൻ, എൻ.എ.നെല്ലിക്കുന്ന്, എ.രാജ, വി.ശശി, പി.വി.ശ്രീനിജൻ, പി.പി.സുമോദ്, വി.ആർ.സുനിൽകുമാർ, കടകംപള്ളി സുരേന്ദ്രൻ തുടങ്ങിയവർ പങ്കെടുക്കും.സമിതിയുടെ പരിഗണനയിലുള്ളതും ജില്ലയിൽ നിന്നും ലഭിച്ചിട്ടുള്ളതുമായ പരാതികളിന്മേൽ ബന്ധപ്പെട്ട ജില്ലാതല ഉദ്യോഗസ്ഥരിൽ നിന്ന് തെളിവെടുപ്പ് നടത്തുന്നതാണ്. പട്ടികജാതി പട്ടികവർഗ വിഭാഗത്തിൽപ്പെട്ടവർ നേരിടുന്നതും സമിതിയുടെ അധികാര പരിധിയിലുള്ളതുമായ വിവിധ പ്രശ്നങ്ങൾ സംബന്ധിച്ച് വ്യക്തികളിൽ നിന്നും സംഘടനകളിൽ നിന്നും പരാതികൾ/നിവേദനങ്ങൾ സ്വീകരിക്കുന്നതും തുടർന്ന് പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങൾ സന്ദർശിക്കുന്നതുമാണ്.

സമിതി മുമ്പാകെ ഹർജികളും നിവേദനങ്ങളും നൽകുവാൻ താത്പര്യമുള്ള വ്യക്തികൾക്കും സംഘടനാ പ്രതിനിധികൾക്കും സമിതി അധ്യക്ഷയെ അഭിസംബോധന ചെയ്ത് തയ്യാറാക്കിയ ഹർജികൾ/ നിവേദനങ്ങൾ യോഗത്തിൽ നേരിട്ട് സമർപ്പിക്കാം.

## പൊതു തെളിവെടുപ്പ് ഇന്ന്

**കൊച്ചി:** വൈദ്യുതി നിരക്ക് പരിഷ്കരിക്കുന്നതിനു സംസ്ഥാന വൈദ്യുതി ബോർഡ് സമർപ്പിച്ചിട്ടുള്ള നിർദേശങ്ങളിൻമേൽ പൊതുജനങ്ങളുടെ അഭിപ്രായങ്ങൾ രേഖപ്പെടുത്തുന്നതിനായി വൈദ്യുതി റെഗുലേറ്ററി കമ്മിഷന്റെ തെളിവെടുപ്പ് ഇന്ന്രാവിലെ 10.30 മുതൽ എറണാകുളം കോർപറേഷൻ ടൗൺഹാളിൽ നടത്തും.

ഇതു കൂടാതെ തപാൽ മുഖേനയും ഇമെയിൽ kserc@erckerala.org മുഖേനയും സമർപ്പിക്കാം. രണ്ട് മാർഗങ്ങളിലൂടെയും അഭിപ്രായങ്ങൾ സെക്രട്ടറി, കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മിഷൻ, കെപിഎഫ്സി ഭവനം, സി വി രാമൻപിള്ള റോഡ്, വെള്ളയമ്പലം, തിരുവനന്തപുരം 695 010 എന്ന വിലാസത്തിൽ സെപ്റ്റംബർ 10 ന് അഞ്ചുമണിവരെ സ്വീകരിക്കും.

# ഉദ്യമ 1.0 പ്രീകോൺക്ലേവ് ആരംഭിച്ചു

**കൊച്ചി:** കേരളസർക്കാർ ഉന്നത വിദ്യാഭ്യാസവകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ് വിഭാവനം ചെയ്തു നടപ്പിലാക്കുന്ന ദീർഘകാല പരിപാടിയായ ഇൻഡസ്ട്രി അക്കാഡമിയ കോൺക്ലേവ് അഥവാ ഉദ്യമ 1.0. പ്രീ കോൺക്ലേവിന്റെ എറണാകുളം ജില്ലാതല ഉദ്ഘാടനം ടോക് എച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് & ടെക്നോളജിയിൽ അനൂപ് ജേക്കബ് എംഎൽഎ നിർവഹിച്ചു. ടോക്എച്ച് പബ്ലിക് സ്കൂൾ സൊസൈറ്റി മാനേജർ കുര്യൻ തോമസ് അധ്യക്ഷനായിരുന്നു.സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ജോയിന്റ് ഡയറക്ടർ അനി എബ്രഹാം സ്വാഗതവും കോളേജ് ഉദ്യമ കോർഡിനേറ്റർ ഡോ. രശ്മി ആർ പദ്ധതി വിശദീകരണവും നിർവ്വഹിച്ചു, മുളന്തുരുത്തി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ഷാജി മാധവൻ, മുളന്തുരുത്തി ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് മറിയാമ്മ ബെന്നി, ടോക്എച്ച് പബ്ലിക് സ്കൂൾ സൊസൈറ്റി സെക്രട്ടറി മധു ചെറിയാൻ, പ്രിൻസിപ്പൽ ഡോ. പ്രീതി തെക്കേത്ത് എന്നിവർ പങ്കെടുത്തു.

ഡോ. രാജേഷ് കൊച്ചേരിൽ, അസി. പ്രൊഫ. ലോവിൻ കെ ജോൺ, എന്നിവർ നയിച്ച ത്രിഡി പ്രിന്റിംഗ് ആന്റ് അഡിറ്റീവ് മാനുഫാക്ചെറിങ് എന്ന വിഷയത്തിൽ വർക് ഷോപ്പ് സംഘടിപ്പിച്ചു.എൻജിനീയറിങ്, പോളിടെക്നിക്ക് മേഖലകളിൽ നടത്തിവരുന്ന കോഴ്സുകളും വ്യവസായവും തമ്മിൽ നിലനിൽക്കുന്ന നൈപുണ്യ അന്തരം മനസ്സിലാക്കി അതിന് പരിഹാരമാവുന്നതരത്തിൽ കരിക്കുലം പരിഷകരണത്തിനുള്ള നിർദേശങ്ങൾ വ്യവസായ പ്രതിനിധികളിൽനിന്നും സ്വീകരിക്കുക, ഇൻഡസ്ട്രിയിൽ ആവശ്യമുള്ള നൈപുണ്യം മനസ്സിലാക്കി നിലവിൽ നടത്തിവരുന്ന കോഴ്സുകളോടൊപ്പം ആഡ് ഓൺ കോഴ്സുകൾ ഡിസൈൻ ചെയ്തു പരിശീലനം നൽകുക, ഇന്റേൺഷിപ് പരിപാടികളിൽ അലുമിനിയുടെയും ഇന്റസ്ട്രിയുടെയും പങ്കാളിത്തം ഉറപ്പുവരുത്തുക എന്നിവയാണ് കോൺക്ലേവിൽ ഉദ്ദേശിക്കുന്നത്.



# മുടങ്ങിക്കിടക്കുന്ന ജലവൈദ്യുത പദ്ധതികൾ പൂർത്തിയാക്കും: മന്ത്രി

**ഇടുക്കി:** സംസ്ഥാനത്ത് വിവിധസ്ഥലങ്ങളിലായി മുടങ്ങിക്കിടക്കുന്ന ജലവൈദ്യുത പദ്ധതികൾ എത്രയുംവേഗം പൂർത്തിയാക്കുക എന്നതാണ് സർക്കാരിന്റെ ലക്ഷ്യമെന്ന് വൈദ്യുതി വകുപ്പ് മന്ത്രി കെ കൃഷ്ണൻകുട്ടി.

മൂലമറ്റം കെ എസ് ഇ ബി സർക്യൂട്ട് ഹൗസിൽ കെ എസ് ഇ ബി ഉന്നത ഉദ്യോഗസ്ഥരുമായി ചർച്ച നടത്തിയ ശേഷം സംസാരിക്കുകയായിരുന്നു മന്ത്രി. 300 മെഗാവാട്ട് വൈദ്യുതി ഉൽപാദിപ്പിക്കാൻ കഴിയുന്ന പദ്ധതികളുടെ നിർമ്മാണ പ്രവൃത്തികളുടെ അനിശ്ചിതത്വം പരിഹരിക്കാനും, കാര്യങ്ങൾ വിലയിരുത്തുന്നതിനുമാണ് നിയമസഭാ സബ്ജക്ട് കമ്മറ്റി പള്ളിവാസലിലും മൂലമറ്റത്തും സന്ദർശനം നടത്തിയതെന്ന് അദ്ദേഹം പറഞ്ഞു. പീക്ക് സമയങ്ങളിൽ വലിയ വില കൊടുത്താണ് കേരളം വൈദ്യുതി വാങ്ങുന്നത്. മുടങ്ങി കിടക്കുന്ന പദ്ധതികൾ പൂർത്തീകരിച്ചാൽ പ്രശ്നം ഒരു പരിധി വരെ പരിഹരിക്കാൻ കഴിയും. ഉദ്യോഗസ്ഥ ചർച്ചയിൽ നിന്നും ഒത്തിരി കാര്യങ്ങൾ കമ്മറ്റിക്ക് ബോധ്യമായിട്ടുണ്ട്. ആ വിഷയങ്ങൾ അടുത്ത കമ്മിറ്റി ചർച്ച ചെയ്ത് തീരുമാനമെടുക്കും. മന്ത്രി കെ കൃഷ്ണൻകുട്ടിയ്ക്ക് പുറമെ അംഗങ്ങളായ വാഴൂർ സോമൻ, പി നന്ദകുമാർ, എ പ്രഭാകരൻ, കെ കെ രാമചന്ദ്രൻ, അൻവർ സാദത്ത് എന്നിവരും പങ്കെടുത്തു. ഇടുക്കി ജില്ലയിലെ രണ്ട് ദിവസം നീണ്ടുനിന്ന പരിപാടിയിൽ പള്ളിവാസൽ, ഇടുക്കി ഡാമുകൾ,മൂലമറ്റം പവർഹൗസ് എന്നിവിടങ്ങളാണ് നിയമസഭാ സബ്ജക്ട് കമ്മിറ്റി സന്ദർശിച്ചത്.

# ന്യായവിലയ്ക്ക് പച്ചക്കറികൾ: വയനാട്ടിൽ കാർഷിക വികസന വകുപ്പിന്റെ 39 ഓണച്ചന്തകൾ

**ബത്തേരി:** വിപണിയിൽ ന്യായവിലയ്ക്ക് പച്ചക്കറി ലഭ്യമാക്കുന്നതിന് കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ജില്ലയിൽ 39 ഓണച്ചന്തകൾ ആരംഭിക്കുന്നു. വകുപ്പിന്റെ ആഭിമുഖ്യത്തിൽ ഗ്രാമപഞ്ചായത്ത്, നഗര സഭാ തലത്തിൽ ഒന്ന് എന്ന തോതിൽ 26 ചന്തകളും വി.എഫ്.പി.സി.കെയുടെ നേതൃത്വത്തിൽ 5 ചന്തകളും ഹോർട്ടി കോർപ്പിന്റെ നേതൃത്വത്തിൽ 8 ചന്തകളുമാണ് ആരംഭിക്കുക. കർഷകരിൽ നിന്നും വിപണി സംഭരണ വിലയേക്കാൾ 10 ശതമാനം അധികതുക നൽകി പച്ചക്കറികൾ സംഭരിക്കും. വിപണിയിലെ വിൽപന വിലയേക്കാൾ 30 ശതമാനം വിലക്കുറവിൽ ചന്തകൾ മുഖേനെ വിപണനം നടത്തുകയാണ് ലക്ഷ്യം. ജൈവ രീതിയിൽ ഉത്പാദിപ്പിച്ച കാർഷിക വിളകൾ 20 ശതമാനത്തിലധികം വില നൽകി സംഭരിക്കുകയും പൊതുവിപണിയിലെ വിൽപന വിലയേക്കാൾ 10 ശതമാനം കുറഞ്ഞ വിലക്ക് ഉപഭോക്താക്കൾക്ക് നൽകുകയും ചെയ്യും. ഓണ വിപണിയിലേക്ക് പച്ചക്കറി നൽകാൻ താത്പര്യമുള്ള കർഷകർ അതത് കൃഷിഭവനുമായി ബന്ധപ്പെടണമെന്ന് കൃഷി വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചു. കർഷകരിൽ നിന്നും ലഭ്യമാകാത്ത പച്ചക്കറികൾ ഹോർട്ടികോർപ് മുഖേന വാങ്ങി വിൽപനയ്ക്ക് എത്തിക്കും. കൃഷിവകുപ്പിന്റെ സെന്റർ ഓഫ് എക്സലൻസ് ഫോർ വെജിറ്റബിൾസിൽ നിന്നുള്ള പച്ചക്കറികളും ചന്തകളിൽ ലഭ്യമാകും.

## ഡെപ്യൂട്ടേഷൻ ഒഴിവ്

**തിരുവനന്തപുരം:** പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയത്തിൽ സിസ്റ്റം മാനേജർ, ഓഫീസ് അറ്റൻഡന്റ് തസ്തികകളിൽ ഡെപ്യൂട്ടേഷൻ നിയമനം നടത്തും. യോഗ്യത, ശമ്പള സ്കെയിൽ എന്നിവ ഉൾക്കൊള്ളിച്ച വിജ്ഞാപനം www.cee-kerala.org യിൽ ലഭ്യമാണ്. സംസ്ഥാന സർക്കാർ സർവീസിലോ സ്വയം ഭരണ സ്ഥാപനങ്ങളിലോ തത്തുല്യ തസ്തികകളിൽ ജോലി ചെയ്യുന്നവർക്ക് അപേക്ഷിക്കാം. പ്രവേശന പരീക്ഷാ കമ്മീഷണർ നേരിട്ട് കൂടിക്കാഴ്ച നടത്തും. ജീവനക്കാർ കെ.എസ്.ആർ144 അനുസരിച്ചുള്ള പ്രൊഫോർമയും ബയോഡാറ്റയും വകുപ്പ് മേധാവിയുടെ നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റും ഉൾപ്പെടെ മേലധികാരി മുഖേന 19ന് മുമ്പ് പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം, കെ.എസ്.ആർ.ടി.സി ടെർമിനൽ കോംപ്ലക്സ് (ഏഴാം നില) തമ്പാനൂർ തിരുവനന്തപുരം1 എന്ന വിലാസത്തിൽ നേരിട്ടോ തപാൽ മുഖേനയോ സമർപ്പിക്കണം.

## സ്കാനിങ് അസിസ്റ്റന്റ് പാനൽ

**തിരുവനന്തപുരം:** സർക്കാർ സ്വയംഭരണ സ്ഥാപനമായ സിഡിറ്റ് ഏറ്റെടുത്തു നടപ്പാക്കുന്ന ഡിജിറ്റൈസേഷൻ പ്രോജക്ടുകളുടെ സ്കാനിങ് ജോലികൾ നിർവഹിക്കുന്നതിന് വയനാട്, മലപ്പുറം, കണ്ണൂർ, കോഴിക്കോട്, തൃശ്ശൂർ, പാലക്കാട് ജില്ലകളിൽ സ്കാനിങ് അസിസ്റ്റന്റിന്റെ താത്കാലിക പാനൽ തയാറാക്കുന്നു. പത്താം ക്ലാസും കമ്പ്യൂട്ടർ പരിജ്ഞാനവുമാണ് യോഗ്യത. പകൽ/രാത്രി ഷിഫ്റ്റ് അടിസ്ഥാനത്തിൽ ജോലി ചെയ്യാൻ തയാറുള്ളവർക്ക് മുൻഗണന. താത്പര്യമുള്ളവർ www.cdit.org യിൽ 18ന് വൈകിട്ട് 5നകം ഓൺലൈനായി രജിസ്റ്റർ ചെയ്യണം.

## കരാർ നിയമനം

**തൊടുപുഴ:** ഇടുക്കി മെഡിക്കൽ കോളേജിൽ ഡാറ്റഎൻട്രി ഓപ്പറേറ്ററെ കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നു. വാക് ഇൻ ഇന്റർവ്യൂ സെപ്റ്റംബർ 20 രാവിലെ 10ന് കമ്മ്യൂണിറ്റി മെഡിസിൻ ഡിപ്പാർട്മെന്റിലെ അക്കാദമിക് ബ്ലോക്കിൽ നടക്കും. ബിരുദവും ഒരുവർഷത്തെ കമ്പ്യൂട്ടർ ഡിപ്ലോമയും, എംഎസ് വേഡിലും , എം എസ് എക്സലിലും പ്രവർത്തിപരിചയം, കമ്മ്യൂണിക്കേഷൻ സ്കിൽസ്, ഇംഗ്ലീഷ്, മലയാളം ടൈപ്പ്റൈറ്റിംഗ് , വേഡ് പ്രോസസിംഗ് എന്നിവയിൽ പ്രാവീണ്യമുള്ളവർക്ക് പങ്കെടുക്കാം. ആരോഗ്യ മേഖലയിൽ പ്രവർത്തിച്ചിട്ടുള്ളവർക്ക് മുൻഗണന ഉണ്ടായിരിക്കും. യോഗ്യത തെളിയിക്കുന്ന അസൽ സർട്ടിഫിക്കറ്റുകൾ, പകർപ്പ്എ, തിരിച്ചറിയൽ രേഖകൾ എന്നിവ സഹിതമാണ് അഭിമുഖത്തിന് എത്തേണ്ടത്.

## ഫാർമിസിസ്റ്റ് ഒഴിവ്

**തൊടുപുഴ:** ഇടുക്കി മെഡിക്കൽ കോളേജിൽ രണ്ട് ഫാർമസിസ്റ്റ് തസ്തികകളിൽ ഒഴിവുണ്ട്. ദിവസവേതന അടിസ്ഥാനത്തിലാകും നിയമനം. വാക് ഇൻ ഇന്റർവ്യൂ 9 രാവിലെ 11 ന് ആശുപത്രി ഓഫീസിൽ നടക്കും. ബി ഫാം അല്ലെങ്കിൽ ഡി ഫാം ഡിപ്ലോമ അല്ലെങ്കിൽ അംഗീകൃത യൂണിവേഴ്സിറ്റികൾ നിന്നുള്ള ബിരുദമാണ് യോഗ്യത. താൽപര്യമുള്ളവർ വയസ് , യോഗ്യത, പ്രവൃത്തിപരിചയം എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ സഹിതം എത്തേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് 04862 299574.

# കൊച്ചിയിൽ ഗുണാ കേവ് നേരിൽ കാണാം, കാനനയാത്ര ആസ്വദിക്കാം...

**കൊച്ചി:** കൊടൈക്കനാലിലെ ഗുണാകേവും ജംഗിൾ സഫാരിയും നേരിട്ടാസ്വദിക്കാൻ എറണാകുളം മറൈൻ ഡ്രൈവിൽ അവസരമൊരുങ്ങുന്നു. പന്തൽ ട്രേഡ് ഫെയർ അസോസിയേറ്റ്സിന്റെ ആഭിമുഖ്യത്തിൽ എറണാകുളം മറൈൻ ഡ്രൈവ് മൈതാനിയിൽ ആരംഭിക്കുന്ന മെഗാ ഓണം ട്രേഡ് ഫെയറിലാണ് അത്ഭുതക്കാഴ്ചകൾ ഒരുങ്ങുന്നത്. ഗുണാകേവിലേക്ക് പോകുന്ന പറയിടുക്കിന്റെ മാതൃകയിലൂടെ സന്ദർശകർക്ക് ഓണം വിപണന മേളയിലേക്ക് പ്രവേശിക്കാം. മനോഹരമായ വെള്ളച്ചാട്ടം ആസ്വദിച്ച ശേഷം തുടർന്ന് അത്ഭുതപ്പെടുത്തുന്ന കാനനയാത്ര. കാട്ടിലൂടെ നടക്കുന്ന അനുഭവമാണ് സന്ദർശകർക്ക് ഇവിടെ ലഭിക്കുക. കാട്ടിൽ നിന്ന് നേരെ പക്ഷികളുടെയും അരുമകളുടെയും വിശാല ലോകത്തേക്കാണ്

**മെഗാ ഓണം ട്രേഡ് ഫെയർ മറൈൻഡ്രൈവിൽ ഹണി റോസ് ഉദ്ഘാടനം ചെയ്യും**

സന്ദർശകർ തുടർന്ന് എത്തിപ്പെടുക. 150 രൂപയുടെ ലവ് ബേർഡ്സ് മുതൽ ലക്ഷങ്ങൾ വിലയുള്ള മെക്കാവു വരെ ഇവിടെയുണ്ടാകും സിലിൻഡ്രിക്കൽ അക്വേറിയം,പെറ്റ്ഷോ എന്നിവയും ഒരുക്കിയിട്ടുണ്ട്. നൂറ്റി അൻപതിലേറെ സ്റ്റാളുകൾ മേളയിൽ ഒരുക്കിയിട്ടുണ്ട്. കറിക്കത്തി മുതൽ കാറുകൾ വരെ ലഭിക്കുന്ന ബ്രാൻഡഡ് സ്റ്റാളുകളും ഉത്പ്പന്ന വിപണന മേളയും ഇതോടൊപ്പം തയാറാക്കിയിട്ടുണ്ട്. കുട്ടികൾക്കായി കിഡ്സ് സോൺ, അമ്യൂസ്മെൻറ് പാർക്ക് എന്നിവയുമുണ്ടാകും. രുചിഭേദങ്ങൾ ഒരുക്കുന്ന ഫുഡ്കോർട്ടുകളും സജ്ജമാക്കിയിട്ടുണ്ട്.

സെപ്തംബർ 6 ന് വൈകിട്ട് അഞ്ച് മണിക്ക് ചലച്ചിത്രതാരം ഹണി റോസ് മെഗാ ഓണം ട്രേഡ് ഫെയർ ഉദ്ഘാടനം ചെയ്യും. മഞ്ഞുമ്മൽ ബോയിസും വിശിഷ്ടാതിഥികളും ഉദ്ഘാടന ചടങ്ങിൽ പങ്കെടുക്കും. ഒക്ടോബർ 6 വരെയാണ് മെഗാ ഓണം ട്രേഡ് ഫെയർ. പ്രവേശനം പാസ് മൂലം.



# വേൾഡ് ട്രാവൽ എക്സ്പോ 7, 8 തീയതികളിൽ കോഴിക്കോട്

**കോഴിക്കോട്:** ടൂർ ഓപ്പറേറ്റിംഗ് കമ്പനിയായ ബെന്നിസ് റോയൽ ടൂർസ് സെപ്തംബർ 7, 8 തീയതികളിൽ കോഴിക്കോട്ട് വേൾഡ് ട്രാവൽ എക്സ്പോ സംഘടിപ്പിക്കുമെന്ന് മാനേജിംഗ് ഡയറക്ടർ ബെന്നി പാനിക്കുളങ്ങര, ജനറൽ മാനേജർ കൃഷ്ണകുമാർ രാഘവൻ എന്നിവർ വാർത്താസമ്മേളനത്തിൽ അറിയിച്ചു. കാലിക്കറ്റ് ടാജ് ഗേറ്റ് വേ ഹോട്ടലിൽ നടക്കുന്ന എക്സ്പോ മൗറീഷ്യസ് അംബാസ്സഡർ ഹായ മാൻഡോയാൽ ദിലും ഉദ്ഘാടനം ചെയ്യും. സുരിനാം അംബാസിഡർ അരുൺകോശിമാർ ഹാഡിൻ, ഫിജി അംബാസിഡർ ജഗന്നാഥ് സമി തുടങ്ങിയവർ വിശിഷ്ടാതിഥികളാകും. ഗ്രേറ്റ് ഇന്ത്യൻ റോഡ് ട്രിപ്പ്, സൗത്ത് അമേരിക്കൻ ആമസോൺ പര്യടനം, ലോകത്തിലെ ഏറ്റവും വലിയ ക്രൂയിസ് ഷിപ്പ് പാക്കേജ് ഐക്കൺ ഓഫ് സീസ് തുടങ്ങിയ നിരവധി പാക്കേജുകൾ ആകർഷക നിരക്കുകളിൽ എക്സ്പോയിൽ ലഭ്യമാകുമെന്ന് ബെന്നി പാനിക്കുളങ്ങര പറഞ്ഞു. ഇവയ്ക്കു പുറമെ ഇരുന്നൂറോളം രാജ്യങ്ങളിലേയ്ക്കുള്ള ടെയ്ലർമേഡ് പാക്കേജുകളും എക്സ്പോയുടെ ഭാഗമാകും.

നോവലിസ്റ്റും സഞ്ചാരസാഹിത്യകാരനുമായ എസ് കെ പൊറ്റെക്കാട് അനുസ്മരണവും എക്സ്പോയുടെ ഭാഗമായി സംഘടിപ്പിക്കുന്നുണ്ട്. അറക്കൽ കുടുംബാംഗമായ അഷ്റഫ് അറക്കൽ ഈ പരിപാടിയിലെ മുഖ്യാതിഥിയാകും. എക്സ്പോയുടെ ഭാഗമായി നടത്തുന്ന ഭാഗ്യനറുക്കെടുപ്പിലെ വിജയികൾക്ക് സിങ്കപ്പൂർ ക്രൂയ്സ്, ദുബായ്, ഫിലിപ്പീൻസ് തുടങ്ങിയ രാജ്യങ്ങളിലേക്കുള്ള എയർ ടിക്കറ്റുകൾ തുടങ്ങിയ സമ്മാനങ്ങൾ നൽകും. എക്സ്പോ പ്രവേശനം സൗജന്യമായിരിക്കും.

എക്സ്പോയുടെ മുന്നോടിയായി ബെന്നിസ് റോയൽ ടൂർസിന്റെ നാലാമത് ശാഖ കോഴിക്കോട് ബാങ്ക് റോഡിൽ കുരിശുപള്ളിക്കു എതിർവശം സിനിമ സംവിധായകനും യാത്രികനുമായ ലാൽ ജോസും പ്രശസ്ത വ്ളോഗറും ഓട്ടോ ജേർണലിസ്റ്റും ആഗോള സഞ്ചാരിയും ലാൽ ജോസിന്റെ യൂറോപ്യൻ റോഡ് യാത്രയുടെ പങ്കാളിയുമായ ബൈജു എൻ നായരും ചേർന്ന് ഉദ്ഘാടനം ചെയ്യും.ബെന്നീസ് റോയൽ ടൂർസ് ടീം ലീഡർ ഏഷ്യ ജിതിൻ വേണുഗോപാൽ, കോഴിക്കോട് ശാഖാ മാനേജർ ജുബൈർ ഹനീഫ എന്നിവരും വാർത്താസമ്മേളനത്തിൽ പങ്കെടുത്തു.

## ബൈ ടു ഗെറ്റ് വൺ ഓഫറുമായി വണ്ടർലാ

**കൊച്ചി :** ഓണക്കാലത്തോടനുബന്ധിച്ച് കൊച്ചി പാർക്കിൽ വ്യത്യസ്തമായ പരിപാടികളും ഓഫറുകളും പ്രഖ്യാപിച്ച് വണ്ടർലാ ഹോളിഡേയ്സ്. ഇതിന്റെ ഭാഗമായി ഓൺലൈൻ ബുക്കിങ്ങുകളിൽ ബൈ ടു ഗെറ്റ് വൺ ഓഫറും ഉണ്ട്. സെപ്റ്റംബർ പത്തു വരെ ഈ ഓഫർ ബുക്ക് ചെയ്യാനാകും.സ്റ്റേജ് ഷോകൾ, ഫൺ ഗെയിമുകൾ, ഘോഷയാത്ര, ശിങ്കാരിമേളം, പുലികളി, പായസമേള, സദ്യ, വടംവലി, വള്ളംകളി, പൂക്കളം തുടങ്ങി നിരവധി പരിപാടികളുമായി പത്തു ദിവസത്തെ ഓണാഘോഷവും പാർക്കിൽ സംഘടിപ്പിക്കുന്നുണ്ട്. ആഘോഷങ്ങളുടെ അവസാന ദിവസം ഒരു ഭാഗ്യശാലിക്ക് ഗ്രാന്റ് സമ്മാനം നേടാനുള്ള അവസരവുമുണ്ട്. ഈ വർഷം പാർക്കിന്റെ കവാടത്തിൽ പ്രത്യേക നൊസ്റ്റാൾജിക് കൗണ്ടറും ഉണ്ടാകും. സന്ദർശകർക്ക് https://bookings.wonderla.com/ വഴി ഓൺലൈനായി മുൻകൂട്ടി ബുക്കു ചെയ്യാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്കായി 04843514001, 7593853107 എന്നീ നമ്പറുകളിൽ ബന്ധപ്പെടാം.

## ബ്ളാക്ക്ബെറിസ് ഓണം ശേഖരം പുറത്തിറക്കി

**കൊച്ചി:** ഇന്ത്യയിലെ മുൻനിര പുരുഷ വസ്ത്ര ബ്രാൻഡായ ബ്ലാക്ബെറിസ് ഓണത്തിന്റെ വൈവിധ്യപൂർണ്ണവുമായ ഉത്സവം ആഘോഷിക്കുന്നതിനായി തങ്ങളുടെ എക്സ്ക്ലൂസീവ് ഉത്സവ ശേഖരം പുറത്തിറക്കി.10 ദിവസത്തെ ആഘോഷവേളയിൽ ഡാപ്പർ സ്യൂട്ടുകൾ, സ്മാർട്ട് ഷർട്ടുകൾ, അത്യാധുനിക ബ്ലേസറുകൾ, സ്റ്റൈലിഷ് ട്രൗസറുകൾ, ട്രെൻഡി ടീഷർട്ടുകൾ എന്നിവ ഉത്സവ ശേഖരത്തിൽ ഉൾപ്പെടുന്നു.

## ജെബിഎൽ ഉത്സവ കാമ്പെയ്ൻ ആരംഭിച്ചു

**കൊച്ചി:** പ്രമുഖ ഓഡിയോ ബ്രാൻഡായ ജെബിഎൽ, ശബ്ദവും ഉപയോക്താക്കളും തമ്മിലുള്ള വൈകാരിക ബന്ധം ഉയർത്തിക്കാട്ടുന്ന 'എൻജിനീയർഡ് ഫോർ ഇമോഷൻ' എന്ന ഉത്സവ കാമ്പെയ്ൻ അവതരിപ്പിച്ചു. സെപ്തംബർ മുതൽ നവംബർ വരെ നടക്കുന്ന കാമ്പെയ്നിൽ ഡിജിറ്റൽ സിനിമകൾ, രാജ്യവ്യാപകമായ പ്രമോഷനുകൾ, ആകർഷകമായ ഓഫറുകൾ എന്നിവ ഉൾപ്പെടുന്നുവെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി.

## ഓണത്തിന് പുതിയ ശേഖരവുമായി കുഷൽ ഫാഷൻ ജ്വല്ലറി



**കൊച്ചി:** ഓണം ഉത്സവസീസൺ ആഘോഷിക്കുവാൻ ഇന്ത്യയിലെ മുൻനിര ഫാഷൻ ആൻഡ് സിൽവർ ജ്വല്ലറി ബ്രാൻഡ് ആയ കുഷൽ പുതിയ ഓണം ശേഖരം അനാവരണം ചെയ്തു. ഫാഷനേയും ആഘോഷത്തെയും സമന്വയിപ്പിച്ചുകൊണ്ട് ഈ സീസണിൽ ഉത്സവത്തിന്റെ സൗന്ദര്യം വർദ്ധിപ്പിക്കുകയും ഫാഷൻ ആഭരണങ്ങളുടെ വർദ്ധിച്ചുവരുന്ന ഡിമാൻഡ് നിറവേറ്റുകയും ചെയ്യുന്ന ശേഖരമാണ് വാഗ്ദാനം ചെയ്യുന്നതെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി.

ബ്രാൻഡിന്റെ ഓണം ശേഖരത്തിലുള്ള 100ലധികം രൂപകൽപനകൾ സാംസ്കാരിക പൈതൃകവും ചാരുതയും സമന്വയിപ്പിക്കുന്നു. പുരാതന ആഭരണങ്ങളായ ക്ലാസിക് കാശുമാലയും ഗുട്ടപുസലുവും മുതൽ സമകാലിക ചോക്കറുകൾ, ചെറിയ നെക്ലേസുകൾ, നീളമുള്ള ഹാറുകൾ എന്നിവ വരെയുള്ള ഒരു ശ്രേണി ഈ ശേഖരത്തിൽ പ്രദർശിപ്പിച്ചിരിക്കുന്നു. ഈ വർഷത്തെ ശേഖരത്തിൽ ഉൾപ്പെടുന്ന മെഡലിയനുകളാൽ അലങ്കരിച്ച നെക്ലേസുകളും ലെയേർഡ് ചെയിനുകളും പോലെയുള്ള സ്റ്റേറ്റ്മെന്റ് പീസുകളും ഉത്സവ ആഘോഷങ്ങൾക്ക് അനുയോജ്യമായ ആക്സസറികൾ ആണെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി.

കുഷൽസിന്റെ ഓണം കളക്ഷൻ, കൊച്ചിയിലും തിരുവനന്തപുരത്തും ഉള്ള അവരുടെ എല്ലാ സ്റ്റോറുകളിലും ലഭ്യമാണ്.

കേരളത്തിനു പുറമേ, ബാംഗ്ലൂർ, മുംബൈ, ചെന്നൈ, ലഖ്നൗ, ഹൈദരാബാദ് തുടങ്ങി ഇന്ത്യയിലെ 30ലധികം നഗരങ്ങളിൽ കുഷൽസിന്റെ സാന്നിധ്യമുണ്ട്. ഓൺലൈൻ ഷോപ്പിംഗ് നടത്തുന്നവർക്ക് kushals.com ലും IOSepw Android ലും ലഭ്യമായ കുഷൽസിന്റെ ആപ്പിലും ഈ മനോഹരമായ ശേഖരം ഓർഡർ ചെയ്യാവുന്നതാണ്.

## പുതിയ ബ്രാൻഡ് പ്രചാരണം പുറത്തിറക്കി ഉജ്ജീവൻ എസ്എഫ്ബി

**ബംഗളൂരു:** ഇന്ത്യയിലെ പ്രമുഖ ചെറുകിട ധനകാര്യ ബാങ്കായ ഉജ്ജീവൻ സ്മോൾ ഫിനാൻസ് ബാങ്ക് തങ്ങളുടെ പുതിയ ബ്രാൻഡ് പ്രചാരണം പുറത്തിറക്കി 'ബാങ്കിങ്ങ് ജൈസെ മേരി മർസി, ഉജ്ജീവൻ മെയ്ക്സ് ഇറ്റ് ഈസിഈസി' .

ഉപഭോക്താക്കൾക്ക് തങ്ങളുടെ സൗകര്യാനുസരണം സുരക്ഷിതവും തടസ്സരഹിതവുമായ അനുഭവത്തിലൂടെ ബാങ്കിങ്ങ് ഇടപാടുകൾ നടത്തുവാനുള്ള സ്വാതന്ത്ര്യം നൽകുക എന്ന തങ്ങളുടെ പ്രതിബദ്ധതക്ക് അടിവരയിടുന്നതാണ് ഈ പ്രചാരണമെന്ന് ബാങ്ക് അധികൃതർ വ്യക്തമാക്കി.

# എംജി വിൻഡ്സർ സെപ്തംബർ 11ന് ലോഞ്ച് ചെയ്യും

**കൊച്ചി:** ഉടൻ വിപണിയിലെത്താൻ തയ്യാറെടുക്കുന്ന ഇന്ത്യയിലെ ആദ്യ ഇന്റലിജന്റ് ക്രോസ്ഓവർ യൂട്ടിലിറ്റി വെഹിക്കിളായ (സിയുവി) എംജി വിൻഡ്സറിൽ എയിറോളൈഡ് ഡിസൈൻ പുറത്തിറക്കി ജെഎസ് ഡബ്ല്യൂ എംജി മോട്ടോർ ഇന്ത്യ. ഒരു വീഡിയോ റിലീസിലൂടെയാണ് ഈ വിവരം കമ്പനി ഇപ്പോൾ പുറത്തുവിട്ടിരിക്കുന്നത്.

ഏറ്റവും പുതിയ എയ്റോഡൈനാമിക്സിനൊപ്പം മികച്ച നിർമ്മാണ വൈദഗ്ധ്യവും ഒരുമിച്ച് ചേരുമ്പോൾ ഡ്രൈവിംഗ് അനുഭവം മറ്റൊരു തലത്തിലേക്ക് ഉയരുമെന്നാണ് കമ്പനി അവകാശപ്പെടുന്നത്. സൗകര്യപ്രദവും സുഖകരവുമായ നവീന ബിസിനസ് ക്ലാസ് യാത്രാനുഭവമാണ് ഇതിലൂടെ ഉപഭോക്താക്കൾക്ക് ഉറപ്പുനൽകുന്നത്.




എയ്റോളൈഡ് ഡിസൈനിലൂടെ എംജി വിൻഡ്സറിലെ ഓരോ യാത്രയും അനായാസവും ലക്ഷ്വറിയസുമായി മാറും.എയ്റോ ഡിസൈനായതിനാൽ എല്ലാ തടസ്സങ്ങളെയും മറികടന്ന് മുന്നോട്ട് കുതിക്കാൻ അത് വാഹനത്തിന് ശക്തി പകരുന്നു. തടസ്സങ്ങളില്ലാത്ത സുഖകരമായ ബിസിനസ് ക്ലാസ് യാത്രയുടെ അനുഭവമാണ് ഇതിന് പുറകിലെ പ്രചോദനം.

എയ്റോഡൈനാമിക്സ് ഡിസൈനിംഗിലെ ഈ മികവ് ഇന്റലിജന്റ് സിയുവിയുടെ പെർഫോമൻസ് കൂടുതൽ മെച്ചപ്പെടുത്തുക മാത്രമല്ല, എല്ലാവർക്കും പരിഷ്കൃതമായ ഒരു യാത്രാ മാർഗം വാഗ്ദാനം ചെയ്യുക കൂടിയാണ്. ഡെഡിക്കേറ്റഡ് ഇവി പ്ലാറ്റ്ഫോമിൽ രൂപകൽപ്പന ചെയ്തിട്ടുള്ള എംജി വിൻഡ്സറിൽ നീളമുള്ള വീൽബേസ് സ്വസ്ഥവും സുഖകരവുമായ ഡ്രൈവിംഗ് എക്സ്പീരിയൻസിനായി മതിയായ ക്യാബിൻ സ്പേസ് ഉറപ്പുനൽകും. യുകെയിലെ വിൻഡ്സർ കാസിലിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ടാണ് പുതിയ വിൻഡ്സർ നിർമ്മിച്ചിരിക്കുന്നതെന്നും കമ്പനി അധികൃതർ വ്യക്തമാക്കി.

# സിയാലിന് 1000 കോടി രൂപ വരുമാനം

**കൊച്ചി:** കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡ് (സിയാൽ) 202324 സാമ്പത്തിക വർഷത്തിൽ 1,014 കോടി രൂപയുടെ മൊത്തവരുമാനം നേടി. 412.58 കോടി രൂപയാണ് അറ്റാദായം.മുൻ സാമ്പത്തിക വർഷത്തിൽ 770.90 കോടി രൂപയായിരുന്നു സിയാലിന്റെ മൊത്തവരുമാനം. 202324ൽ 31.6 ശതമാനമാണ് വരുമാനം വർധിച്ചത്. നികുതിയ്ക്ക് മുമ്പുള്ള ലാഭം 552.37 കോടി രൂപയാണ്. നികുതി കിഴിച്ച് 412.58 കോടിയും. മുൻവർഷം ഇത് 267.17 കോടി രൂപയായിരുന്നു. 54.4 ശതമാനം വർധനവ്. വ്യോമയാന മേഖലയിലെ വളർച്ച ഉൾക്കൊള്ളാൻ വരുംവർഷങ്ങളിൽ ഒട്ടേറെ അടിസ്ഥാന സൗകര്യവികസന പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. 560 കോടി രൂപ ചെലവിട്ട് നടത്തുന്ന അന്താരാഷ്ട്ര ടെർമിനൽ വികസനം, 152 കോടി രൂപ ചെലവിൽ നടപ്പിലാക്കുന്ന കൊമേഴ്സ്യൽ സോൺ നിർമാണം എന്നിവയാണ് പ്രധാനം. ആഭ്യന്തര ടെർമിനൽ വലുപ്പം കൂട്ടുന്ന പദ്ധതിയും പരിഗണനയിലുണ്ട്.

# ടാറ്റാ മിഡ് എസ്.യു.വി കർവ് ഇവിയുടെ പ്രാരംഭവില 9.99 ലക്ഷം




**കൊച്ചി:** ഇന്ത്യയിലെ മുൻനിര വാഹന നിർമ്മാതാക്കളായ ടാറ്റ മോട്ടോഴ്സ്, എസ്.യു.വി കൂപ്പെ ടാറ്റാ കർവിന്റെ പ്രാരംഭവില പ്രഖ്യാപിച്ചു. 9.99 ലക്ഷം മുതലാണ് പ്രാരംഭ വില. നൂതനവും അത്യുഗ്രവുമായ ബോഡീ ശൈലിയിൽ അഡ്വാൻസ്ഡ് ഡ്യുവൽ ക്ലച്ച് ഓട്ടോമാറ്റിക് ട്രാൻസ്മിഷനുമായാണ് കർവ് ഇവി മൂന്ന് എഞ്ചിൻ ഓപ്ഷനുകളിലായി പുറത്തിറക്കുന്നതെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി. ശക്തമായ പുതിയ ഹൈപ്പീരിയൻ ഗ്യാസോലിൻ ഡയറക്ട് ഇഞ്ചക്ഷൻ എഞ്ചിൻ, 1.2 എൽ റെവോട്രോൺ പെട്രോൾ എഞ്ചിൻ, ഡീസൽ സെഗ്മെന്റിലെ ആദ്യ ഡ്യുവൽ ക്ലച്ച് ട്രാൻസ്മിഷനോടുകൂടിയ പുതിയ ക്രയോജെറ്റ് ഡീസൽ എഞ്ചിൻ എന്നിങ്ങനെ ഉപഭോക്താക്കൾക്ക് വ്യത്യസ്ത ആവശ്യങ്ങൾക്കായി തനതായ തിരഞ്ഞെടുപ്പിനുള്ള വിവിധ ഓപ്ഷനുകൾ കമ്പനി നൽകുന്നു. ബോക്സിഎസ്.യു.വി ബോഡി ശൈലികൾ നിറഞ്ഞ ഉയർന്ന വളർച്ചാ വിഭാഗത്തിൽ ടാറ്റാ മോട്ടോർസ് അതിന്റെ ഡി.എൻ.എയ്ക്ക് അനുസൃതമായി പ്രീമിയം എസ്.യു.വി കൂപ്പെ രൂപകൽപ്പനയെ ജനാധിപത്യവൽക്കരിച്ചുകൊണ്ടാണ് കടന്നുവരുന്നത്. മികച്ച ഇൻക്ലാസ് സുരക്ഷ, സെഗ്മെന്റ് ഫസ്റ്റ് ഫീച്ചറുകൾ, ഒന്നിലധികം അതുല്യമായ പവർട്രെയിൻ ഓപ്ഷനുകൾ എന്നിവയുള്ള സെഗ്മെന്റിലെ ഒരു താരമാണ് കർവ്. ഗോൾഡ് എസെൻസ്, ഡേടോണ ഗ്രേ, പ്രിസ്റ്റൈൻ വൈറ്റ്, ഫ്ലേം റെഡ്, പ്യുവർ ഗ്രേ, ഓപ്പറ ബ്ലൂ എന്നിങ്ങനെ ആറ് നിറങ്ങളിലും അക്കംപ്ലിഷ്ഡ്, ക്രിയേറ്റീവ്, പ്യുവർ, സ്മാർട്ട് എന്നിങ്ങനെ വിവിധ വ്യക്തിത്വങ്ങളുമായുമാണ് കർവ് വരുന്നത്.

# ഐ സി എ ആർ സിഫ്ട് മൽസ്യ ബന്ധന സാമഗ്രികൾ വിതരണം ചെയ്തു

**കൊച്ചി:** കേന്ദ്ര മത്സ്യ സാങ്കേതിക ഗവേഷണ സ്ഥാപനമായ ഐ സി എ ആർ സിഫ്ട് ചെല്ലാനംകണ്ടക്കടവ് മത്സ്യത്തൊഴിലാളി ക്ഷേമ വികസന സഹകരണ സംഘത്തിന്റെ സഹകരണത്തോടെ കേന്ദ്രസർക്കാരിന്റെ പട്ടികജാതി വിഭാഗങ്ങൾക്കായുള്ള (എസ് സി എസ് പി) പദ്ധതിക്ക് കീഴിൽ മേഖലയിലെ പട്ടികജാതി മത്സ്യത്തൊഴിലാളികൾക്ക് മൽസ്യ ബന്ധന സാമഗ്രികളായ എഫ് ആർപി (ഫൈബർ റീഇൻഫോഴ്സ്ഡ് പ്ലാസ്റ്റിക്) വള്ളം, ഔട്ട്ബോർഡ് എഞ്ചിനുകൾ, കോരുവലകൾ, വലകൾക്ക് ആവശ്യമായ സാധനങ്ങൾ, സുരക്ഷ ഉപകരണങ്ങൾ തുടങ്ങിയവ ചെല്ലാനത്ത് വിതരണം ചെയ്തു.ഹൈബി ഈഡൻ എം.പി ചടങ്ങ് ഉദ്ഘാടനം ചെയ്തു. സിഫ്ട് ഡയറക്ടർ ഡോ. ജോർജ്ജ് നൈനാൻ അധ്യക്ഷത വഹിച്ചു. സിഫ്ട് ലെ ഫിഷിംഗ് ടെക്നോളജി വിഭാഗം മേധാവി ഡോ.എം.പി രമേശൻ, സിഫ്ട് ലെ എക്സ്റ്റൻഷൻ ഇൻഫർമേഷൻ ആൻഡ് സ്റ്റാറ്റിസ്റ്റിക്സ് വിഭാഗം മേധാവി ഡോ.നികിത ഗോപാൽ, സിഫ്റ്റിലെ സീനിയർ സയന്റിസ്റ് ഡോ. മഞ്ജു ലക്ഷ്മി, ചെല്ലാനംകണ്ടക്കടവ് മത്സ്യത്തൊഴിലാളി ക്ഷേമ വികസന സഹകരണ സംഘം പ്രസിഡന്റ് പി.വി. വിൽസൺ, കെഎസ്എംടിഎഫ് സെക്രട്ടറി വി.എസ്. പൊടിയൻ, കെ.എസ്.എം.ടി.എഫ് ജില്ലാ പ്രസിഡന്റ് ടി.വി.ഷിജി തയ്യിൽ,ചെല്ലാനം വാർഡ് മെമ്പർ ഷീല ജോസി, ചെല്ലാനംകണ്ടക്കടവ് മത്സ്യത്തൊഴിലാളി ക്ഷേമ വികസന സഹകരണ സംഘം മുൻ സെക്രട്ടറി ഓമന ബെർളി, കണ്ടക്കടവ് മത്സ്യത്തൊഴിലാളി സൊസൈറ്റിയുടെയും ചെല്ലാനംകണ്ടക്കടവ് മത്സ്യത്തൊഴിലാളി ക്ഷേമ വികസന സഹകരണ സംഘത്തിന്റെയും ഭരണസമിതി അംഗങ്ങളായ കെ.ആർ. വിൻസെന്റ്, എ.എക്സ്. ജോസഫ്, സെക്രട്ടറി ഷൈനി പീറ്റർ എന്നിവർ ചടങ്ങിൽ സംസാരിച്ചു.

# ബിഐഎം ഫെസ്റ്റിവൽ 24 സംഘടിപ്പിച്ചു

**കൊച്ചി:** എഞ്ചിനീയറിങ് ഡിസൈൻ പരിശീലന രംഗത്തെ പ്രമുഖ സ്ഥാപനമായ കാഡ് സെന്ററിന്റെ ആഭിമുഖ്യത്തിൽ 'ബിഐഎം (ബിൽഡിങ് ഇൻഫർമേഷൻ മോഡലിങ്) ഫെസ്റ്റിവൽ24' കാമ്പസ് കണക്ട് പ്രോഗ്രാമിന്റെ കേരള പതിപ്പ് സംഘടിപ്പിച്ചു. വ്യവസായ പ്രമുഖർ, വിദ്യാഭ്യാസ വിദഗ്ദ്ധർ, വിദ്യാർഥികൾ എന്നിവർ വിവിധ കോളജുകളിൽ നടന്ന പരിപാടിയിൽ പങ്കെടുത്തു. ബിഐഎം പ്രവർത്തനങ്ങളിൽ വിദ്യാർഥികൾക്ക് പ്രവർത്തിപരിചയം പകർന്ന പ്രോജക്ട് അടിസ്ഥാനമാക്കിയുള്ള സെഷൻ ഫെസ്റ്റിവലിന്റെ പ്രധാന ആകർഷണമായിരുന്നു. പ്രോട്ടോടൈപ്പുകൾ ഡിസൈൻ ചെയ്യുന്നതിനും പാലങ്ങളുടെ ബലം പരിശോധിക്കുന്നതിനും വിദ്യാർഥികൾ സംഘമായി പ്രവർത്തിച്ചു. പത്തനംതിട്ട മുസലിയാർ എഞ്ചിനീയറിങ് കോളേജ്, കൊല്ലം ബിഷപ്പ് ജെറോം എഞ്ചിനീയറിങ് കോളേജ്, തൃശൂർ ഐഇഎസ് എഞ്ചിനീയറിങ് കോളേജ്, കോഴിക്കോട് കെഎംസിടി വിമൻസ് എഞ്ചിനീയറിങ് കോളേജ് എന്നിവിടങ്ങളിലും പ്രോഗ്രാം നടന്നിട്ടുണ്ട്.

# ബ്രെയിൽ ലിപിയിൽ ഇൻഷുറൻസ് പോളിസി അവതരിപ്പിച്ച് സ്റ്റാർ ഹെൽത്ത്

**കൊച്ചി:** സ്റ്റാർ ഹെൽത്ത് ഇൻഷുറൻസ് ബ്രെയിൽ ലിപിയിൽ ഇൻഷുറൻസ് പോളിസി അവതരിപ്പിച്ചു. കാഴ്ച പരിമിതരും അന്ധരായവർക്കും അവരുടെ ആരോഗ്യ ഇൻഷുറൻസ് കാര്യത്തിൽ സ്വതന്ത്ര്യ തീരുമാനമെടുക്കാൻ സഹായിക്കാനുള്ള ശ്രമത്തിന്റെ ഭാഗമായിട്ടാണ് ഇതെന്ന് സ്റ്റാർ ഹെൽത്ത് ഇൻഷുറൻസ് എംഡിയും സിഇഒയുമായ ആനന്ദ് റോയ് പറഞ്ഞു.




ഇതിലൂടെ 34 ദശലക്ഷം വരുന്ന ഇന്ത്യയിലെ കാഴ്ച പരിമിതർക്ക് വരുമാനം നേടാനുള്ള അവസരം കൂടിയാണ് സ്റ്റാർ ഹെൽത്ത് ഒരുക്കുന്നത്. പാർശ്വവൽക്കരിക്കപ്പെട്ട ഇത്തരക്കാർക്ക് പരിശീലനം നൽകി കമ്പനിയുടെ ഹെൽത്ത് ഇൻഷുറൻസ് ഏജൻറുമാരാക്കും. അവർക്ക് അവരുടേതായ ലോകത്തിന് ഇണങ്ങുന്ന സാഹചര്യത്തിൽ ജോലിയെടുക്കാനാകും എന്നതാണ് ഇതിലെ ഏറ്റവും വലിയ നേട്ടം.കാഴ്ച പരിമിതിയുള്ള സംരംഭകനും ബോളൻറ് ഇൻഡസ്ട്രീസ് സഹ സ്ഥാപകനും ചെയർമാനും പ്രമുഖ വ്യവസായിയുമായ ശ്രീകാന്ത് ബോള, സ്റ്റാർ ഹെൽത്ത് ഇൻഷുറൻസ് എംഡിയും സിഇഒയുമായ ആനന്ദ് റോയി എന്നിവർ ചടങ്ങിൽ പങ്കെടുത്തു.

# ക്രോസ് ലിമിറ്റഡ് ഐപിഒ 09 മുതൽ

**കൊച്ചി:** ക്രോസ് ലിമിറ്റഡിന്റെ പ്രാഥമിക ഓഹരി വിൽപന (ഐപിഒ) 2024 സെപ്തംബർ 09 മുതൽ 11 വരെ നടക്കും. 250 കോടി രൂപയുടെ പുതിയ ഇക്വിറ്റി ഓഹരികളും പ്രമോട്ടർമാരുടെ 250 കോടി രൂപയുടെ ഇക്വിറ്റി ഓഹരികളുടെ ഓഫർ ഫോർ സെയിലുമാണ് ഐപിഒയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. അഞ്ച് രൂപ മുഖവിലയുള്ള ഓഹരി ഒന്നിന് 228 രൂപ മുതൽ 240 രൂപ വരെയാണ് പ്രൈസ് ബാൻഡ് നിശ്ചയിച്ചിരിക്കുന്നത്. കുറഞ്ഞത് 62 ഇക്വിറ്റി ഓഹരികൾക്കും തുടർന്ന് 62 ന്റെ ഗുണിതങ്ങൾക്കും അപേക്ഷിക്കാം. ഓഹരികൾ എൻഎസ്ഇയിലും ബിഎസ്ഇയിലും ലിസ്റ്റ് ചെയ്യും.ഇക്വിറസ് ക്യാപിറ്റൽ പ്രൈ വറ്റ് ലിമിറ്റഡാണ് ഐപിഒയുടെ ബുക്ക് റണ്ണിങ് ലീഡ് മാനേജർ .

# ഏകദിന ശിൽപശാല

**ആലുവ:** എകെപിസിടിഎ മുഖപത്രം കേരള പ്രൈവറ്റ് കോളജ് ടീച്ചറിന്റെ ആഭിമുഖ്യത്തിൽ എഴുത്തും രചനാതന്ത്രങ്ങളും ഏകദിന സംസ്ഥാന ശില്പശാല 7ന് രാവിലെ 10ന് ആലുവ യുസി കോളേജിൽ നടക്കും. സാഹിത്യം,സാമൂഹ്യ ശാസ്ത്രം, മാധ്യമപഠനം എന്നീ മേഖലകൾ കേന്ദ്രീകരിച്ചാണ് ശില്പശാല. എഴുത്തിന്റെ ഭിന്നമേഖലകളെയും രൂപങ്ങളെയും സൂക്ഷ്മമായി പരിചയപ്പെടുത്തുക, എഴുതാൻ ആഗ്രഹിക്കുന്നവരെയും എഴുത്തുകാരെയും അക്കാദമികവും അക്കാദമികേതരവുമായ എഴുത്തിന്റെ വഴിയിലേക്ക് നയിക്കുക, സർഗ്ഗാത്മകമായ സാമൂഹികാന്തരീക്ഷം നിലനിർത്തുക തുടങ്ങിയ ലക്ഷ്യങ്ങളോടെ സംഘടിപ്പിക്കുന്ന ഈ ശില്പശാല രാവിലെ 10ന് ആരംഭിച്ച് വൈകിട്ട് 4 ന് സമാപിക്കും. ഡോ. കെ.പി.മോഹനൻ, ഇ.പി.രാജഗോപാലൻ, ഡോ. കെ.എം.അനിൽ, ഡോ. മ്യൂസ് മേരി ജോർജ് എന്നിവരാണ് ശില്പശാല നയിക്കുന്നത്.



# പൂതൃക്ക സർവീസ് സഹകരണ ബാങ്കിൽ ഓണം 2024 വിപണിക്ക് ആരംഭമായി

**കോലഞ്ചേരി :** സഹകരണബാങ്കിന്റെ ഉമ്മൻ ചാണ്ടി ജനകീയ ഭക്ഷ്യ വിതരണ പദ്ധതിയിൽ ഓണം പ്രമാണിച്ചു ഈ മാസം കിറ്റ് വാങ്ങുന്ന എല്ലാ കാർഡ് ഉടമകൾക്കും പതിവായി നൽകി വരുന്ന ആകർഷകമായ വിലക്കിഴിവുകൾക്കു പുറമെ 3 ഗഏ അരി തികച്ചും സൗജന്യമായി വിതരണം ചെയ്യും . പദ്ധതിയുടെ ഉദ്ഘാടനം പ്രസിഡന്റ് അനി ബെൻ കുന്നത്ത് നിർവ്വഹിച്ചു. വൈസ് പ്രസിഡണ്ട് എം കെ സത്യവ്രതൻ , ബാബു വർഗ്ഗീസ്, ഡോ. എൽദോ, മറ്റ് ബോർഡ് അംഗങ്ങൾ സെക്രട്ടറി ഷേർളി ഐസക്, മറ്റ് ജീവനക്കാർ തുടങ്ങിയവർ പങ്കെടുത്തു.

# സപ്ലൈകോ ഓണം ഫെയർ മുഖ്യമന്ത്രി നാളെ ഉദ്ഘാടനം ചെയ്യും

**തിരുവനന്തപുരം:** ഈ വർഷത്തെ സപ്ലൈകോ ഓണം ഫെയറുകളുടെ സംസ്ഥാനതല ഉദ്ഘാടനം 5ന് വൈകിട്ട് 5 മണിക്ക് തിരുവനന്തപുരം കിഴക്കേകോട്ട ഇ.കെ.നായനാർ പാർക്കിൽ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. ഭക്ഷ്യപൊതുവിതരണ മന്ത്രി ജി.ആർ അനിലിന്റെ അധ്യക്ഷതയിൽ നടക്കുന്ന ചടങ്ങിൽ പൊതുവിദ്യാഭ്യാസ തൊഴിൽ വകുപ്പുമന്ത്രി വി. ശിവൻകുട്ടി ആദ്യവിൽപ്പന നടത്തും. സെപ്റ്റംബർ 5 മുതൽ 14 വരെയാണ് ഓണം ഫെയർ. ജില്ലാതല ഫെയറുകൾ സെപ്റ്റംബർ 6 മുതൽ 14 വരെ ജില്ലാ ആസ്ഥാനങ്ങളിൽ പ്രത്യേക സൗകര്യങ്ങളോടെ നടക്കും.

13 ഇനം സബ്സിഡി സാധനങ്ങൾക്കു പുറമെ ശബരി ഉൽപ്പന്നങ്ങൾ, മറ്റ് എഫ്.എം.സി.ജി ഉൽപ്പന്നങ്ങൾ, മിൽമ ഉൽപ്പന്നങ്ങൾ, കൈത്തറി ഉൽപ്പന്നങ്ങൾ, പഴം ജൈവപച്ചക്കറികൾ എന്നിവ മേളയിൽ 10 മുതൽ 50 ശതമാനം വരെ വിലക്കുറവിൽ ലഭിക്കും.

ഇതിനു പുറമെ പ്രമുഖ ബ്രാന്റുകളുടെ 200ൽ അധികം നിത്യോപയോഗ സാധനങ്ങൾക്ക് വലിയ വിലക്കുറവുണ്ട്. 255 രൂപയുടെ 6 ശബരി ഉൽപ്പന്നങ്ങൾ 189 രൂപയ്ക്ക് നൽകുന്ന ശബരി സിഗ്നേച്ചർ കിറ്റ് ഈ ഓണത്തിന് വിപണിയിൽ ലഭിക്കും.

ഓണം ഫെയറുകളിലും സപ്ലൈകോ സൂപ്പർമാർക്കറ്റുകളിലും വിവിധ ബ്രാന്റുൽപ്പന്നങ്ങൾക്ക് നിലവിൽ നൽകിവരുന്ന വിലക്കുറവിന് പുറമെ 10 ശതമാനം വരെ അധിക വിലക്കുറവ് നൽകുന്ന ഡീപ് ഡിസ്കൗണ്ട് അവേഴ്സ്, പ്രമുഖ ബ്രാന്റഡ് ഉൽപ്പന്നങ്ങൾക്ക് ആകർഷമായ കോമ്പോ ഓഫറുകൾ, ബൈ വൺ ഗെറ്റ് വൺ ഓഫർ എന്നിവയും ലഭിക്കും.

# എൽബിഎസ് സെന്ററിൽ തൊഴിലധിഷ്ഠിത കമ്പ്യൂട്ടർ കോഴ്സ്

**തിരുവനന്തപുരം:** കേരള സർക്കാരിന്റെ നിയന്ത്രണത്തിലുള്ള എൽ.ബി.എസ്സ്. സെന്റർ ഫോർ സയൻസ് ആൻഡ് ടെക്നോളജിയുടെ തിരുവനന്തപുരം ഹെഡ് ഓഫീസിൽ സെപ്റ്റംബർ രണ്ടാം വാരം ആരംഭിക്കുന്ന സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ പൈഥണിന് എസ്.എസ്.എൽ.സി പാസായവർക്ക് അപേക്ഷിക്കാം. 13 വരെ www.lbscetnre.kerala.gov.in മുഖേന അപേക്ഷ നൽകാം. കൂടുതൽ വിവരങ്ങൾക്ക്: 04712560333, 9995005055



കൊച്ചിൻ ആർട്സ് ആൻഡ് സയൻസ് കോളേജ് ഇന്നവേഷൻ സെല്ലിന്റെ നേതൃത്വത്തിൽ വികസിപ്പിച്ച ലിക്വിഡ് ട്രീ മാതൃക കുന്നത്ത് നാട് ഗ്രാമപ്പഞ്ചായത്ത് പ്രസിഡന്റ് എം.വി നിതാമോൾ ഉദ്ഘാടനം ചെയ്യുന്നു.ഡോ. അൻവർ ഹസൈൻ, ഡോ.രഞ്ജിത്ത് കെ.പി,ഡോ.പ്രീത ഷേണായി, ലക്ഷ്മി ശീതൾ, സ്നേഹാ രാജീവ് തുടങ്ങിയവർ സമീപം

# വായുമലിനീകരണം: ലിക്വിഡ് ട്രീ മാതൃക വികസിപ്പിച്ച് വിദ്യാർഥികൾ

**കൊച്ചി:** വിദ്യാർത്ഥികളുടെ പഠന ഗവേഷണത്തിന്റെ ഭാഗമായി കൊച്ചിൻ ആർട്സ് ആൻഡ് സയൻസ് കോളേജ് ഇന്നവേഷൻ സെല്ലിന്റെ നേതൃത്വത്തിൽ ലിക്വിഡ് ട്രീ മാതൃക വികസിപ്പിച്ചു. വർധിച്ചുവരുന്ന വായു മലിനീകരണത്തിന്റെ നിയന്ത്രണത്തിനായി നഗരപ്രദേശങ്ങളിൽ ഒരു മരം നടുന്നതിന് പകരമായി സ്ഥാപിക്കാൻ പറ്റുന്ന മാതൃകയായിട്ടാണ് 'ലിക്വിഡ് ട്രീ' അവതരിപ്പിക്കുന്നത്. മൈക്രോ ആൽഗകളുടെ പ്രകൃതിദത്ത ഫോട്ടോ സിന്തറ്റിക് കഴിവുകൾപ്രയോജനപ്പെടുത്തുന്നതുവഴി നഗരങ്ങളിലെ വായു മലിനീകരണത്തിന് ശാസ്ത്രീയപരിഹാരം നൽകാൻ സാധിക്കുമെന്ന പഠനത്തിൽ നിന്നും പ്രചോദനമുൾക്കൊണ്ടുകൊണ്ടാണ് വിദ്യാർഥികളായ വിഷ്ണു ശിവപ്രകാശ്, ഗോകുൽ സജു, തനിഷ് ടി. ടെൻസൺ, കെ.ആർ അഭിജിത് കൃഷ്ണ, വി.ആർ ഐശ്വര്യ, അഭിജിത് ജിജി, എം.എസ് ശിൽപ്പ, കെ.ജെ ജിസ്ന എന്നിവരുടെ നേതൃത്വത്തിൽ ആൽഗജൻ ബയോ സൊല്യൂഷൻസിന്റെ പിന്തുണയോടെ ലിക്വിഡ് ട്രീ മാതൃക വികസിപ്പിച്ചിരിക്കുന്നത്.കോളജ് ഹാളിൽ നടന്ന ചടങ്ങിൽ കുന്നത്ത് നാട് ഗ്രാമപ്പഞ്ചായത്ത് പ്രസിഡന്റ് എം.വി നിതാമോൾ ലിക്വിഡ് ട്രീയുടെ ഉദ്ഘാടനം നിർവ്വഹിച്ചു. കോളജ് മാനേജ്മെന്റ് ട്രസ്റ്റി ഡോ. അൻവർ ഹസൈൻ അധ്യക്ഷത വഹിച്ചു.പ്രിൻസിപ്പാൾ ഡോ. കെ.പി രഞ്ജിത്ത് , ആൽഗജൻ ബയോ സൊല്യൂഷൻസ് എംഡി ഡോ.പ്രീത ഷേണായി, കോളജ് ഐക്യുഎസി കോർഡിനേറ്റർ ലക്ഷ്മി ശീതൾ, സെക്രട്ടറി സ്നേഹാ രാജീവ് തുടങ്ങിയവർ സംസാരിച്ചു.

# ബോൺമാരോ റജിസ്ട്രിയുമായി ആരോഗ്യ വകുപ്പ്; ചികിത്സാ ചെലവ് കുറയും

**തിരുവനന്തപുരം:** സംസ്ഥാനത്ത് ആദ്യമായി മജ്ജ മാറ്റിവയ്ക്കൽ ചികിത്സയ്ക്ക് സഹായകരമാകുന്ന കേരള ബോൺമാരോ റജിസ്ട്രി സജ്ജമാക്കുന്നതിനായി ആരോഗ്യ വകുപ്പ് അനുമതി നൽകി ഉത്തരവിട്ടതായി മന്ത്രി വീണാ ജോർജ്. തലശേരി മലബാർ കാൻസർ സെന്റർ കെ ഡിസ്കിന്റെ സഹകരണത്തോടെയാണ് പൈലറ്റ് പ്രോജക്ടായി ബോൺമാരോ റജിസ്ട്രി തയാറാക്കുന്നത്.

രക്താർബുദം ബാധിച്ചവർക്ക് അനുയോജ്യമായ മൂലകോശം ലഭിക്കുന്നതിനു നിലവിൽ വളരെയേറെ ബുദ്ധിമുട്ടുകളുണ്ട്. ഇത് പരിഹരിക്കാനായി ഇവരുടെ ഡേറ്റാബേസ് തയാക്കുകയാണ് പ്രധാന ലക്ഷ്യം. ഇന്ത്യയിൽ നിലവിൽ സർക്കാരിതര മേഖലയിൽ 6 ബോൺമാരോ റജിസ്ട്രികൾ മാത്രമാണുള്ളത്. മജ്ജ മാറ്റിവയ്ക്കൽ ചികിത്സ ചെലവ് ഗണ്യമായി കുറയ്ക്കുക, യോജിച്ച മൂലകോശ ലഭ്യത കൂട്ടുക എന്നീ ലക്ഷ്യങ്ങളോടെയാണ് റജിസ്ട്രി തയാറാക്കുന്നതെന്നും മന്ത്രി പറഞ്ഞു.

# ഉരുൾപൊട്ടൽ: മാറിത്താമസിച്ചത് 888 കുടുംബങ്ങൾ താൽക്കാലിക പുനരധിവാസം 18 തദ്ദേശ സ്ഥാപനങ്ങളിൽ

**കൽപറ്റ:** മുണ്ടക്കൈ ചൂരൽമല ദുരിതബാധിതരുടെ താൽക്കാലിക പുനരധിവാസം പൂർത്തിയായത് ജില്ലയിലെ 18 തദ്ദേശസ്ഥാപനങ്ങളിലായി. 888 കുടുംബങ്ങളാണു താൽക്കാലിക പുനരധിവാസ പദ്ധതിയിലുൾപ്പെട്ടു മാറിത്താമസിച്ചത്. 388 കുടുംബങ്ങൾ മേപ്പാടി പഞ്ചായത്ത് പരിധിയിലും മൂപ്പൈനാട് പഞ്ചായത്ത് പരിധിയിൽ 146 കുടുംബങ്ങളും 143 കുടുംബങ്ങൾ കൽപറ്റ നഗരസഭാ പരിധിയിലുമാണു താമസം. മുട്ടിൽ 64, കണിയാമ്പറ്റ38, വൈത്തിരി 37, അമ്പലവയൽ23, വെങ്ങപ്പള്ളി15, നെന്മേനി10, മീനങ്ങാടി 8, പൊഴുതന7, വെള്ളമുണ്ട 2, പനമരം2 കുടുംബങ്ങളും കോട്ടത്തറ, തരിയോട്, തിരുനെല്ലി, പുൽപള്ളി, ബത്തേരി നഗരസഭാ പരിധികളിലായി ഓരോ കുടുംബം വീതവുമാണു താമസിക്കുന്നത്.

ഉരുൾപൊട്ടലിനെ തുടർന്നു ജില്ലയിലെ വിവിധ തദ്ദേശ സ്ഥാപന പരിധികളിലെ വാടക വീടുകളിൽ താമസിക്കുന്ന കുടുംബങ്ങളുടെ വിവരശേഖരണം പൂർത്തിയായതായി തദ്ദേശ വകുപ്പ് ജോയിന്റ് ഡയറക്ടർ അറിയിച്ചു. വാടക വീടുകളിൽ കഴിയുന്ന കുടുംബങ്ങൾക്കു വാടകയിനത്തിൽ സർക്കാർ നിശ്ചയിച്ച തുക അനുവദിക്കാനുള്ള വിവര ശേഖരണമാണു പൂർത്തിയായത്. ഈ ആഴ്ച മുതൽ വൈത്തിരി താലൂക്ക് ഓഫിസിൽ നിന്നു ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്കു നേരിട്ടു തുക നിക്ഷേപിക്കുമെന്നു റവന്യു വകുപ്പ് അധികൃതർ അറിയിച്ചു.

വാടക ഇനത്തിൽ ലഭിക്കേണ്ട 6000 രൂപ അനുവദിക്കുന്നതിനു കുടുംബനാഥന്റെ ബാങ്ക് അക്കൗണ്ട് വിവരങ്ങൾ രേഖപ്പെടുത്തിയ സത്യവാങ്മൂലം ശേഖരണവും പൂർത്തിയായതായി അധികൃതർ അറിയിച്ചു. ബന്ധപ്പെട്ട തദ്ദേശ സ്ഥാപനങ്ങളിലെ അംഗങ്ങൾ, ജീവനക്കാർ മുഖേനയാണ് സത്യവാങ്മൂലം ശേഖരിച്ചത്. സത്യവാങ്മൂലം നടപടി പൂർത്തീകരിച്ച 888 അപേക്ഷകളിൽ 363 എണ്ണത്തിൽ പരിശോധന പൂർത്തിയായി. മറ്റുള്ള അപേക്ഷകളിൽ പരിശോധന പുരോഗമിക്കുകയാണ്.

# ഇപിഎസ് പെൻഷൻ ജനുവരി ഒന്നു മുതൽ ഏത് ബാങ്കിൽ നിന്നും ലഭിക്കും

**ന്യൂഡൽഹി:** എംപ്ലോയീസ് പെൻഷൻ പദ്ധതിയിൽ (1995) കേന്ദ്രീകൃത പെൻഷൻ പേയ്മെന്റ് സംവിധാനത്തിനുള്ള നിർദ്ദേശത്തിന് ഇ പി എഫ് സെൻട്രൽ ബോർഡ് ഓഫ് ട്രസ്റ്റീസ് ചെയർപേഴ്സൺ കൂടിയായ കേന്ദ്ര തൊഴിൽ , ഉദ്യോഗ വകുപ്പ് മന്ത്രി അംഗീകാരം നൽകി.

ദേശീയ തലത്തിലുള്ള കേന്ദ്രീകൃത സംവിധാനം സ്ഥാപിക്കുന്നതിലൂടെ ഇന്ത്യയിലുടനീളമുള്ള ഏത് ബാങ്കിലൂടെയും ഏത് ശാഖയിലൂടെയും പെൻഷൻ വിതരണം സാധ്യമാകും.പുതിയ കേന്ദ്രീകൃത പെൻഷൻ പേയ്മെന്റ് സംവിധാനം ഇപിഎഫ്ഒയുടെ 78 ലക്ഷത്തിലധികം ഇപിഎസ് പെൻഷൻകാർക്ക് പ്രയോജനം ചെയ്യുമെന്ന് പ്രതീക്ഷിക്കുന്നതായി കേന്ദ്ര തൊഴിൽ,ഉദ്യോഗമന്ത്രാലയം വ്യക്തമാക്കി.നൂതന ഐടി, ബാങ്കിംഗ് സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തുന്നതിലൂടെ, പെൻഷൻകാർക്ക് ഇത് കൂടുതൽ കാര്യക്ഷമവും തടസ്സമില്ലാത്തതും ഉപയോക്തൃ സൗഹൃദവുമായ അനുഭവം പ്രദാനം ചെയ്യും.



വിരമിച്ച വ്യക്തി ഒരിടത്ത് നിന്ന് മറ്റൊരിടത്തേക്ക് മാറുമ്പോഴോ അദ്ദേഹത്തിന്റെ ബാങ്കോ ബ്രാഞ്ചോ മാറുമ്പോഴോ പോലും പെൻഷൻ പേയ്മെന്റ് ഓർഡറുകൾ (പിപിഒ) ഒരു ഓഫീസിൽ നിന്ന് മറ്റൊന്നിലേക്ക് മാറ്റേണ്ട ആവശ്യമില്ലാതെ തന്നെ ഇന്ത്യയിൽ എവിടെ നിന്നും പെൻഷൻ ലഭിക്കുന്നുവെന്ന് സിപിപിഎസ് ഉറപ്പാക്കും. വിരമിച്ച ശേഷം സ്വന്തം നാട്ടിലേക്ക് പോകുന്ന ജീവനക്കാർക്ക് ഇത് വലിയ ആശ്വാസമാകും.

ഇപിഎഫ്ഒയുടെ നിലവിലുള്ള ഐടി നവീകരണ പദ്ധതിയായ സെൻട്രലൈസ്ഡ് ഐടി എനേബിൾഡ് സിസ്റ്റത്തിന്റെ ഭാഗമായി ഈ സൗകര്യം, 2025 ജനുവരി 1 മുതൽ ആരംഭിക്കും. അടുത്ത ഘട്ടത്തിൽ, ആധാർ അടിസ്ഥാനമാക്കിയുള്ള പേയ്മെന്റ് സംവിധാനത്തിലേക്ക് സുഗമമായ മാറ്റം സിപിപിഎസ് പ്രാപ്തമാക്കും.ഇപിഎഫ്ഒയുടെ ഓരോ മേഖല / പ്രാദേശിക ഓഫീസും 34 ബാങ്കുകളുമായി മാത്രം പ്രത്യേക കരാറുകൾ നിലനിർത്തുന്ന വികേന്ദ്രീകൃതമായ നിലവിലുള്ള പെൻഷൻ വിതരണ സംവിധാനത്തിൽ നിന്നുള്ള ഒരു മാതൃകാ മാറ്റമാണ് സി പി പി എസ്. പെൻഷൻ പ്രക്രിയ ആരംഭിക്കുന്ന സമയത്ത് വിരമിച്ച ജീവനക്കാരൻ ഏതെങ്കിലും തിരിച്ചറിയൽ പരിശോധനകൾക്കായി ബ്രാഞ്ച് സന്ദർശിക്കേണ്ട ആവശ്യമില്ല. കൂടാതെ പെൻഷൻ റിലീസ് ആയ ഉടൻ തന്നെ ക്രെഡിറ്റ് ചെയ്യപ്പെടും. കൂടാതെ, പുതിയ സംവിധാനത്തിലേക്ക് മാറിയതിന് ശേഷം പെൻഷൻ വിതരണത്തിൽ ഗണ്യമായ ചിലവ് കുറയുമെന്ന് ഇപിഎഫ്ഒ പ്രതീക്ഷിക്കുന്നു.

# സപ്ലൈകോ ഓണം ഫെയറിന് കൊച്ചിയിൽ നാളെ തുടക്കം

**കൊച്ചി;** സപ്ലൈകോ ഓണം ഫെയറിന് കൊച്ചിയിൽ നാളെ കൊച്ചിയിൽ തുടക്കമാകും. വൈകീട്ട് 7.30ന് എറണാകുളം മറൈൻ ഡ്രൈവ് ഹെലിപ്പാഡ് ഗ്രൗണ്ടിൽ മന്ത്രി പി. രാജീവ് ഓണം ഫെയർ ഉദ്ഘാടനം ചെയ്യും. ടി ജെ വിനോദ് എംഎൽഎ അധ്യക്ഷനായ ചടങ്ങിൽ കൊച്ചി മേയർ അഡ്വ. എം അനിൽകുമാർ ആദ്യ വിൽപനയും ഹൈബി ഈഡൻ എംപി മുഖ്യ പ്രഭാഷണവും നിർവഹിക്കും. ജില്ലാ പഞ്ചായത്ത് പ്രസിഡൻറ് മനോജ് മുത്തേടൻ, സപ്ലൈകോ മാനേജിംഗ് ഡയറക്ടർ പി ബി നൂഹ് എന്നിവർ സംസാരിക്കും. നഗരസഭ കൗൺസിലർ മനു ജേക്കബ്, വിവിധ രാഷ്ട്രീയകക്ഷി നേതാക്കളായ സി എൻ മോഹനൻ, കെ എൻ ദിനകരൻ, കെ എസ് ഷൈജു, കെ എം അബ്ദുൽ മജീദ്, ടോമി ജോസ്, ഇ എം മൈക്കിൾ, ജില്ലാ സപ്ലൈ ഓഫീസർ ടി സഹീർ, സപ്ലൈകോ എറണാകുളം മേഖലാ മാനേജർ ബി.ജ്യോതിലക്ഷ്മി തുടങ്ങിയവർ പങ്കെടുക്കും. രാവിലെ 9.30 മുതൽ രാത്രി 8 വരെ പ്രവർത്തിക്കുന്ന ഓണം ഫെയറിൽപതിമൂന്നിന സബ്സിഡി സാധനങ്ങൾക്ക് പുറമേ, മറ്റ് അവശ്യഭക്ഷ്യവസ്തുക്കളും, വെജിറ്റബിൾ , മിൽമ കൗണ്ടറുകളും ഒരുക്കിയിട്ടുണ്ട്.




നിത്യോപയോഗ സാധനങ്ങളുടെ ഇനത്തിൽ, പ്രമുഖ ബ്രാൻഡുകളുടെ 200 ലധികം ഉൽപ്പന്നങ്ങൾക്ക് വൻവിലക്കുറവാണ് സപ്ലൈകോ ഓണത്തോടനുബന്ധിച്ച് നൽകുന്നതെന്ന് അധികൃതർ വ്യക്തമാക്കി. നെയ്യ്, തേൻ, കറിമസാലകൾ, മറ്റു ബ്രാൻഡഡ് ഭക്ഷ്യ ഉൽപ്പന്നങ്ങൾ, പ്രധാന ബ്രാൻഡുകളുടെ ഡിറ്റർജെന്റുകൾ, ഫ്ലോർ ക്ലീനറുകൾ, ടോയ്‌ലെറ്ററീസ് തുടങ്ങി വിവിധ ഉൽപ്പന്നങ്ങൾക്ക് 45% വരെ വിലക്കുറവും, പ്രത്യേകം ഓഫറുകളും നൽകുന്നുണ്ട്. സപ്ലൈകോയുടെ സ്വന്തം ബ്രാൻഡ് ആയ ശബരി ഉൽപ്പന്നങ്ങൾക്കും പ്രത്യേക വിലക്കുറവും കോമ്പോ ഓഫറുകളും നൽകുന്നുണ്ട്. ശബരി സിഗ്നേച്ചർ കിറ്റ് എന്ന പേരിൽ ആകർഷകമായ കാരിബാഗിൽ, 255 രൂപയുടെ ആറ് വിവിധ ശബരി ഉൽപ്പന്നങ്ങൾ 189 രൂപയ്ക്ക് നൽകും. ഓണത്തോട് അനുബന്ധിച്ച് സെപ്റ്റംബർ 6 മുതൽ ഓണം ഫെയറുകളിലും സപ്ലൈകോയുടെ സൂപ്പർ മാർക്കറ്റുകളിലും ഡീപ്പ് ഡിസ്കൗണ്ട് അവേഴ്സ് നടപ്പാക്കും. വിവിധ സബ്സിഡി ഇതര സാധനങ്ങൾക്ക് സപ്ലൈകോ നിലവിൽ നൽകുന്ന വിലക്കുറവിന് പുറമേ 10% വരെ വിലക്കുറവായിരിക്കും ഡീപ്പ് ഡിസ്കൗണ്ട് അവേഴ്സിൽ നൽകുക.

വിവിധ ഉൽപ്പന്നങ്ങൾക്ക് എംആർപിയേക്കാൾ, 50% വരെ വിലക്കുറവ് ഈ മണിക്കൂറുകളിൽ ലഭിക്കും. ഉച്ചയ്ക്ക് രണ്ടു മുതൽ നാലുമണിവരെ ആയിരിക്കും ഡീപ്പ് ഡിസ്കൗണ്ട് അവേഴ്സ്. സെപ്റ്റംബർ 14 വരെയാണ് ഓണം ഫെയർ സംഘടിപ്പിക്കുന്നത്ജില്ലയിലെ എല്ലാ നിയോജകമണ്ഡലങ്ങളിലും ഒരു പ്രധാന വില്പനശാലയുടെ പരിസരത്ത് ഓണം ഫെയറുകൾ സെപ്റ്റംബർ 10 മുതൽ 14 വരെ സംഘടിപ്പിക്കുന്നുണ്ട്.

## ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി മുസിരിസ് പ്രൊജക്റ്റുമായി സഹകരിക്കും

**തിരുവനന്തപുരം:** ശ്രീനാരായണ ഗുരു ഓപ്പൺ യൂണിവേഴ്സിറ്റിയും ടൂറിസം വകുപ്പിന്റെ കീഴിലുള്ള മുസിരിസ് പ്രൊജക്റ്റ് ലിമിറ്റഡും അക്കാഡമിക് സഹകരണത്തിന് ധാരണ പത്രം ഒപ്പു വച്ചു.

സെക്രട്ടേറിയറ്റ് അനക്സ് രണ്ടിലെ നവകൈരളി ഹാളിൽ നടന്ന ചടങ്ങിൽ വിദ്യാഭ്യാസ മന്ത്രിയും പ്രോ ചാൻസിലാറുമായ ആർ. ബിന്ദു, ടൂറിസം, പി ഡബ്ല്യൂ ഡി വകുപ്പ് മന്ത്രി മുഹമ്മദ് റിയാസ് എന്നിവരുടെ സാന്നിധ്യത്തിലാണ് ധാരണപത്രമായത്. ശ്രീനാരായണയണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി രജിസ്ട്രാർ ഡോ. ഡിംപി വി. ദിവാകരനും മുസിരിസ് പ്രൊജക്റ്റ് ലിമിറ്റഡ് മാനേജിങ് ഡയറക്ടർ ഡോ. മനോജ് കുമാർ കെ യും ധാരണ പത്രത്തിൽ ഒപ്പിട്ടു.

## അങ്കണവാടി വർക്കർ ഒഴിവ്

**കൊച്ചി:** കേരള സർക്കാർ. വനിതാ ശിശുവികസന വകുപ്പ്, എറണാകുളം ജില്ല. ഐ.സി.ഡി.എസ് മുളന്തുരുത്തി അഡീഷണൽ പ്രോജക്ട് പരിധിയിൽ വരുന്ന ഉദയംപേരൂർ ഗ്രാമപഞ്ചായത്തിലെ അങ്കണവാടികളിലെ വർക്കർമാരുടെ ഒഴിവുള്ള തസ്തികകളിൽ നിയമനം നടത്തുന്നതിന് ഉദയംപേരൂർ ഗ്രാമപഞ്ചായത്ത് പരിധിയിൽ സ്ഥിരതാമസമുള്ള എസ്എസ്എൽസി പാസായിട്ടുള്ള വനിതകളിൽ നിന്നും അപേക്ഷ ക്ഷണിച്ചു. അപേക്ഷകർ 2024 ജനുവരി ഒന്നിന് 18 വയസ് പൂർത്തിയായവരും 46 വയസ് അധികരിക്കാത്തവരുമായിരിക്കണം. എസ്.സി.എസ്.ടി വിഭാഗത്തിലുള്ളവർക്ക് മൂന്ന് വർഷത്തെ വയസിളവ് അനുവദിച്ചിട്ടുണ്ട്. കൂടാതെ അങ്കണവാടി പ്രവൃത്തി പരിചയം ഉള്ളവർക്ക് ഒരു വർഷത്തിന് ഒന്ന് എന്ന നിലയിൽ പരമാവധി മൂന്ന് വർഷത്തെ വയസിളവുണ്ട്. കൂടുതൽ വിവരങ്ങൾ മുളന്തുരുത്തി അഡിഷണൽ ഐ സി ഡി എസ് പ്രോജക്ട് ഓഫീസിൽ നിന്നും പ്രവൃത്തി ദിവസങ്ങളിൽ ലഭ്യമാണ്.

കൂടുതൽ വിവരങ്ങൾക്ക് 04842786680, 9188959730 നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി, സമയം സെപ്തംബർ 20 വൈകിട്ട് അഞ്ചു വരെ അപേക്ഷ സ്വീകരിക്കുന്ന സ്ഥലം ഐ സി ഡി എസ് മുളന്തുരുത്തി അഡീഷണൽ, പഴയ പഞ്ചായത്ത് കാര്യാലയം, തിരുവാങ്കുളം 682305.

## കരാർ നിയമനത്തിന് അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** എറണാകുളം പിഎംജിഎസ്‌വൈ. പ്രോഗ്രാം ഇംപ്ലിമെന്റേഷൻ യൂണിറ്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസിൽ പ്രതീക്ഷിക്കുന്ന ഡാറ്റാ എൻട്രി അക്കൗണ്ടന്റ് ഒഴിവിലേക്ക് ഒരു വർഷത്തെ കരാർ നിയമനത്തിന് അപേക്ഷ ക്ഷണിച്ചു. അപേക്ഷകൾ സർട്ടിഫിക്കറ്റുകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സഹിതം 10 ദിവസത്തിനകം കാര്യാലയത്തിൽ ലഭിച്ചിരിക്കണം. യോഗ്യത: ബി. കോം. ബിരുദവും കമ്പ്യൂട്ടർ പരിജ്ഞാനവും. അപേക്ഷകൾ അയക്കേണ്ട വിലാസം : എക്സിക്യൂട്ടീവ് എഞ്ചിനീയർ, പ്രോഗ്രാം ഇംപ്ലിമെന്റേഷൻ യൂണിറ്റ് (പി.എം.ജി.എസ്.വൈ.), മൂന്നാം നില, സിവിൽ സ്റ്റേഷൻ, കാക്കനാട്, എറണാകുളം.

## സൗജന്യ പഠനോപകരണ കിറ്റ് വിതരണം

**കൊച്ചി:** കേരളാ മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ് എറണാകുളം ജില്ലാ ഓഫീസിന്റെ ആഭിമുഖ്യത്തിൽ തൊഴിലാളികളുടെ ഒന്നു മുതൽ ഏഴാം ക്ലാസ് വരെ പഠിക്കുന്ന കുട്ടികൾക്കുള്ള സൗജന്യ പഠനോപകരണ കിറ്റ് വിതരണ ഉദ്ഘാടനം എറണാകുളം നോർത്തിലുള്ള പപ്പൻ ചേട്ടൻ സ്മാരക ഹാളിൽ സംഘടിപ്പിച്ചു.

ബോർഡ് ഡയറക്ടർ എം.ഇബ്രാഹിം കുട്ടി ഉദ്ഘാടനം നിർവ്വഹിച്ചു.ഉപദേശക സമിതിയംഗം കെ.കെ.കലേശൻ അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ ജില്ലാ എക്സിക്യൂട്ടിവ് ആഫീസർ .സുലേഖ ആർ സ്വാഗതവും, അഡീ.ജില്ലാ എക്സിക്യൂട്ടിവ് ഓഫീസർ ബിന്ദു.കെ.തങ്കപ്പൻ നന്ദിയും അറിയിച്ചു. സമിതി അംഗങ്ങളായ പി.ആർ.പ്രസാദ്, ബാബുസാനി, ജോയ് ജോസഫ്, മുഹമ്മദാലി.സി.വി, എം.എസ്.രാജു, ജാഫർ..കെ.കെ, ജോർജ്ജ്.പി.എക്സ്., പ്രഭാകരൻ എന്നിവർ ആശംസയും അറിയിച്ചു.

## സാക്ഷരതാപരിപാടി ആലോചനാ യോഗം

**കൊച്ചി:** സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റിയുടെ നേതൃത്വത്തിൽ നടപ്പാക്കുന്ന മുഖ്യമന്ത്രിയുടെ നൂറുദിന കർമ്മ പരിപാടികളിൽ ഉൾപ്പെടുന്ന ദീപ്തി ബ്രയിലി സാക്ഷരതാപരിപാടിയുടെ കോതമംഗലം ബ്ലോക്ക്തല ആലോചനാ യോഗം സെപ്റ്റംബർ ആറിന് രാവിലെ 10.30ന് കോതമംഗലം ബ്ളോക്ക് ഓഫീസിൽ പ്രസിഡന്റിന്റെ അധ്യക്ഷതയിൽ നടക്കും. യോഗത്തിൽ ബ്ലോക്ക് പരിധിയിലെ പഞ്ചായത്ത് പ്രസിഡണ്ടുമാർ, വിദ്യാഭ്യാസ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻമാർ, പ്രേരകുമാർ, സാക്ഷരതാ പ്രവർത്തകർ,പഠിതാക്കൾ,കേരള ഫെഡറേഷൻ ഓഫ് ദി ബ്ലൈൻഡ് അസോസിയേഷൻ ഭാരവാഹികൾ ഉൾപ്പെടെയുള്ളവർ പങ്കെടുക്കും.

## തേക്ക് തടി ലേലം

**തൊടുപുഴ:** തൊടുപുഴ താലൂക്കിൽ കാരിക്കോട് വില്ലേജിൽ ബ്ലോക്ക് 34 ൽ റീസർവ്വേ നമ്പർ 139/3 (പഴയ സർവ്വേ നമ്പർ 1438/1) ൽ ഉൾപ്പെട്ട 00.7820 ഹെക്ടർ പുരയിടത്തിൽ നിന്നും സർക്കാരിലേക്ക് റിസർവ്വ ചെയ്ത 7 തേക്ക് തടികൾ മുറിച്ച് മാറ്റി സൂക്ഷിച്ചിട്ടുള്ളത് ലേലം ചെയ്തു വിൽക്കുന്നു. കാരിക്കോട് വില്ലേജ് ഓഫീസിൽ സെപ്റ്റംബർ 7 രാവിലെ 11 ന് പരസ്യ ലേലം നടക്കും. പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർക്ക് കാരിക്കോട് വില്ലേജ് ഓഫീസറുടെ അനുമതിയോടെ തടികൾ പരിശോധിച്ച് ബോധ്യപ്പെടാം.

# ഓഷ്യൻ എക്സ്പോ കൗതുകമാകുന്നു

## പ്രവൃത്തി ദിവസങ്ങളിൽ ഉച്ചയ്ക്ക് 2 മുതൽ രാത്രി 9 വരെയും അവധി ദിവസങ്ങളിൽ രാവിലെ 11 മുതൽ രാത്രി 9 വരെയുമാണ് മേള നടക്കുക

**കൊല്ലം:** നീന്തിത്തുടിക്കുന്ന മീനുകൾക്ക് അരികിൽ പൂച്ചകൾ കിടന്നുറങ്ങുന്ന കൗതുകക്കാഴ്ച കാണണമെങ്കിൽ ആശ്രാമത്തെ ദ് ഓഷ്യൻ എക്സ്പോയിലേക്ക് എത്തണം. കടലിന്റെ അടിത്തട്ടിലൂടെ സഞ്ചരിക്കുന്ന അനുഭവം സമ്മാനിക്കുന്ന മേളയിൽ മീനുകൾ പ്രധാന കാഴ്ചയാണ്. അക്കൂട്ടത്തിലാണു വ്യത്യസ്തമായ ഈ ദൃശ്യം. കടൽഞണ്ടും കൊഞ്ചും തിരണ്ടിയും ഉൾപ്പെടെ നമ്മുടെ കയ്യകലത്തു വിഹരിക്കുന്നതു നേരിട്ട് കാണാനുള്ള സൗകര്യമാണു മേളയിൽ ഒരുക്കിയിട്ടുള്ളത്.

സാഹസികത ഇഷ്ടപ്പെടുന്നവർക്കു മരണക്കിണറിലെ അഭ്യാസപ്രകടനം കാണാം. കുട്ടികൾക്കായുള്ള അമ്യൂസ്മെന്റ് പാർക്കും ഗെയിം സ്പോട്ടും ഫുഡ് കോർട്ടും ഇവിടെയുണ്ട്. യുണീക് വേൾഡ് റോബട്ടിക്സ് അവതരിപ്പിക്കുന്ന റോബട്ടിക് നായക്കുട്ടികളാണു മറ്റൊരു ആകർഷണം. സ്കൂബ ഡൈവേഴ്സും കടലിന്റെ അടിത്തട്ടിലെ അത്ഭുത ലോകത്തു വിഹരിക്കുന്ന മത്സ്യകന്യകമാരും കാണികളെ ആകർഷിക്കുന്നുണ്ട്.



അടുക്കളയിലേക്കുള്ള വിവിധ ഉൽപന്നങ്ങളും കുട്ടികളുടെ കളിപ്പാട്ടങ്ങളും ബാഗുകളും ചെരുപ്പുകളും ഉൾപ്പെടെ മേളയിലുണ്ട്. പ്രവൃത്തി ദിവസങ്ങളിൽ ഉച്ചയ്ക്കു 2 മുതൽ രാത്രി 9 വരെയും അവധി ദിവസങ്ങളിൽ രാവിലെ 11 മുതൽ രാത്രി 9 വരെയുമാണു മേള നടക്കുക. 150 രൂപയാണു ടിക്കറ്റ് നിരക്ക്. സ്കൂളിൽ നിന്നു ഗ്രൂപ്പുകളായി എത്തുന്ന വിദ്യാർഥികൾക്കു നിരക്കിൽ 50% ഇളവുണ്ടായിരിക്കും.

# നറുക്കെടുപ്പിലൂടെ സമ്മാനം : അവസരമൊരുക്കി മുത്തൂറ്റ് ഫിൻകോർപ്പ്

**കൊച്ചി:** മുത്തൂറ്റ് ഫിൻകോർപ്പ് ലിമിറ്റഡ് ഓണസമ്മാനവു'മായി ഓണത്തെ വരവേൽക്കാൻ ഒരുങ്ങുന്നു. ഒക്ടോബർ ഏഴ് വരെയാണ് ലക്കിഡ്രോ മൽസരം. കേരളത്തിലുടനീളമുള്ള മുത്തൂറ്റ് ഫിൻകോർപ്പിന്റെ ബ്രാഞ്ചുകളിൽ നിന്നും സേവനമോ ഉൽപ്പന്നമോ സ്വീകരിക്കുന്ന ഉപഭോക്താക്കൾക്കാണ് നറുക്കെടുപ്പിലൂടെ സമ്മാനങ്ങൾ നേടാൻ അവസരമെന്ന് മുത്തൂറ്റ് ഫിൻകോർപ്പ് ലിമിറ്റഡ് സിഇഒ ഷാജി വർഗീസ് പറഞ്ഞു.ആഴ്ചതോറും നടക്കുന്ന നറുക്കെടുപ്പിൽ വിജയിക്കുന്നവർക്ക് ടിവി, ഫ്രിഡ്ജ്, സ്വർണ നാണയങ്ങൾ തുടങ്ങിയ മെഗാ സമ്മാനങ്ങൾ സ്വന്തമാക്കാം. ബമ്പർ സമ്മാനമായി രണ്ടു ഭാഗ്യശാലികൾക്ക് ഹോണ്ട ആക്റ്റിവ സ്കൂട്ടറും ഗ്രാൻഡ്പ്രൈ പ്രസ് നേടുന്ന ഒരു ഭാഗ്യശാലിക്ക് ടാറ്റ ടിയാഗോ കാറുമാണ് സമ്മാനം. ദിവസേനയുള്ള നറുക്കെടുപ്പിൽ വിജയിക്കുന്നവർക്കും സമ്മാനങ്ങളുണ്ട്. നറുക്കെടുപ്പ് പൂർത്തിയായ ശേഷമായിരിക്കും ബമ്പർ, ഗ്രാൻഡ് സമ്മാനങ്ങൾക്കുള്ള വിജയികളെ പ്രഖ്യാപിക്കുകയെന്നും ഷാജി വർഗീസ് പറഞ്ഞു.

# സിഎംഎഫ്ആർഐയിൽ യങ് പ്രൊഫഷണൽ ഒഴിവ്

**കൊച്ചി:** കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിൽ (സിഎംഎഫ്ആർഐ) കരാർ അടിസ്ഥാനത്തിൽ യങ് പ്രൊഫഷണലിന്റെ ഒരു ഒഴിവിലേക്ക് അപേക്ഷ ക്ഷണിച്ചു. അപേക്ഷ ീളയ രമമരാളൃശ@ഴാമശഹ.രീാ എന്ന വിലാസത്തിൽ ഇമെയിൽ ചെയ്യണം. അവസാന തീയതി സെപ്തംബർ 12. വെബ്സൈറ്റ് www.cmfri.org.in.

# സൂപ്പർ ലീഗ് കേരള: മഹീന്ദ്ര ടൈറ്റിൽ സ്പോൺസർഷിപ്പ് കരാർ ഒപ്പിട്ടു

**കൊച്ചി:** രാജ്യത്തെ പ്രമുഖ എസ്യുവി നിർമാതാക്കളായ മഹീന്ദ്ര ആൻഡ് മഹീന്ദ്ര ലിമിറ്റഡ്സൂ പ്പർ ലീഗ് കേരളയുമായി (എസ്എൽകെ) ടൈറ്റിൽ സ്പോൺസർഷിപ്പ് കരാർ ഒപ്പിട്ടു. 2024 സെപ്റ്റംബർ 7ന് കൊച്ചി ജവഹർലാൽ നെഹ്റു അന്താരാഷ്ട്ര സ്റ്റേഡിയത്തിലാണ് മഹീന്ദ്ര സൂപ്പർ ലീഗ് കേരള എന്ന പേരിൽ അറിയപ്പെടുന്ന ഫുട്ബോൾ ലീഗിൻറെ അരങ്ങേറ്റ സീസണിന് തുടക്കം കുറിക്കുന്നത്. ഫോർസ കൊച്ചി എഫ്സി, മലപ്പുറം എഫ്സി, തിരുവനന്തപുരം കൊമ്പൻസ് എഫ്സി, കണ്ണൂർ വാരിയേഴ്സ് എഫ്സി, കാലിക്കറ്റ് എഫ്സി, തൃശൂർ എഫ്സി എന്നിങ്ങനെ ആറ് ഫ്രാഞ്ചൈസി ടീമുകളാണ് ഉദ്ഘാടന സീസണിൽ പങ്കെടുക്കുന്നത്.
മഹീന്ദ്രയുടെ മുൻനിര എസ്യുവികൾ മത്സരങ്ങൾ നടക്കുന്ന വേദികളിൽ പ്രദർശിപ്പിക്കും ഐപിഎൽ, ഫിഫ ലോകകപ്പ്, ഐസിസി മെൻസ് ക്രിക്കറ്റ് ലോകകപ്പ്, ഐബിഎ വിമൺസ് വേൾഡ് ബോക്സിങ് ചാമ്പ്യൻഷിപ്പ് തുടങ്ങിയ കായിക മാമാമാങ്കങ്ങളുമായും നേരത്തെ മഹീന്ദ്ര സഹകരിച്ചിരുന്നു.

# യുടിഐ മ്യൂച്ചൽ ഫണ്ട് രണ്ട് പുതിയ ഇൻഡെക്സ് ഫണ്ടുകൾ അവതരിപ്പിച്ചു

**കൊച്ചി:** യുടിഐ മ്യൂച്ചൽ ഫണ്ട് 'യുടിഐ നിഫ്റ്റി200 ക്വാളിറ്റി 30 ഇൻഡെക്സ് ഫണ്ട്', 'യുടിഐ നിഫ്റ്റിപ്രൈ പവറ്റ് ബാങ്ക് ഇൻഡക്സ് ഫണ്ട്' എന്നീ പേരുകളിൽ രണ്ട് പുതിയ ഇൻഡെക്സ് ഫണ്ടുകൾ അവതരിപ്പിച്ചു.ഇന്ത്യൻ ഇക്വിറ്റിയുടെ ടാർഗെറ്റു ചെയ്ത മേഖലകളിൽ അല്ലെങ്കിൽ നിക്ഷേപ ശൈലികളിൽ നിക്ഷേപിക്കാനാണ് ഈ ഫണ്ടുകൾ നിക്ഷേപകർക്ക് അവസരം നൽകുന്നത്.നിഫ്റ്റി200 ക്വാളിറ്റി 30 ടിആർഐ പിൻതുടരുന്ന ഓപ്പൺഎൻഡഡ് സ്കീമാണിതെന്ന് യുടിഐ എഎംസിയുടെ പാസീവ്, ആർബിട്രേജ് & ക്വാണ്ട് സ്ട്രാറ്റജീസ് മേധാവി ശർവൻ കുമാർ ഗോയൽ പറഞ്ഞു.യുടിഐ നിഫ്റ്റി200 ക്വാളിറ്റി 30 ഇൻഡക്സ് ഫണ്ട് ഓപ്പൺഎൻഡഡ് സ്കീം യുടിഐ മ്യൂച്ചൽ ഫണ്ടിന്റെ ഇൻഡക്സ് ഫണ്ട് ഓഫറുകളുടെ നൂതനമായ കൂട്ടിച്ചേർക്കലാണ്. ഇതിലൂടെ ശക്തമായ സാമ്പത്തിക മാനദണ്ഡങ്ങളും സ്ഥിരതയുള്ള ബാലൻസ് ഷീറ്റുമുള്ള 30 ഉയർന്ന നിലവാരമുള്ള കമ്പനികളുടെ വൈവിധ്യമാർന്ന പോർട്ട്ഫോളിയോയിൽ നിക്ഷേപിക്കാമെന്ന് ശർവൻ കുമാർ ഗോയൽ പറഞ്ഞു.

LIVA®
'Diamonds are forever'
MODULAR INTERIORS TOO!
www.livainteriors.com




THE EVERLASTING MODULAR INTERIORS
SUPERIOR QUALITY IMPORTED AND INDIGENOUS RAW MATERIALS ONLY ARE USED
UNRIVALLED GERMAN ROBOTIC TECHNOLOGY FOR MANUFACTURING
GUARANTEE FOR 15 LONG YEARS* NOBODY CAN OFFER
EVER GROWING DELIGHTED LIVA FAMILY MEMBERS
LIVA KITCHENS & INTERIORS
TRUSTED since 2007 | 15 YEAR GUARANTEE | 100% GUARANTEED | ISO 9001 | LOWEST HONEST PRICE
SOUTH INDIA'S MOST TRUSTED AND ADVANCED MODULAR INTERIOR MANUFACTURER
HEAD OFFICE & SHOW ROOM-KERALA
DOOR No.41/1065, RENJESHA BUILDING
OPPO. P.O.C, PADIVATTOM
ERNAKULAM-24
+91 9288022661/62
SHOWROOM-KARNATAKA
No.73, 80FT ROAD
NEAR HOYSALA CIRCLE
KENGERI SATELLITE TOWN
BANGALORE 560060
+91 9778685017/19
SHOWROOM-KERALA
OPPO. ROSY SCHOOL, CRYSTAL CENTRE
CHATHAPURAM, PALAKKAD, KERALA
FACTORY : KERALA
Kairady PO, Palakkad
+91 9288022663